# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മടവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി2/2387/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 30/01/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മടവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി2/2387/2022 തീയ്യതി: 30/01/2023

## കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-09-2021 മുതൽ 02-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രത്തസിംഗ് കെ.പി. | ഡെപ്യൂട്ടി ഡയറക്ടർ | 03-12-2022 | 12-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-12-2022 | 12-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.പി.ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീ.ജയകൊർ പാലോളി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി.ധന്യ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ബിബിൻ.ഇ.സി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. രാഘവൻ അടുക്കത്ത് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ആബിദ. ടി. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.നിമ്മി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. നിഷ. കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. സിസിൻ ജോസ് | ഡയറി ഫാം ഇൻസ്റ്റക്ടർ | 01-04-2021 | 31-03-2022 |
| ഡോ. ഗീന ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. അപർണ്ണ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 17-06-2021 |
| ഡോ. ബിന്ദു കെ.കെ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 17-06-2021 | 31-03-2022 |
| ശ്രീമതി. വിജില | ഐ. സി. ഡി. എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ. ഉഷാ ദേവി | മെഡിക്കൽ ഓഫീസർ, പി..എച്ച്.സി | 01-04-2021 | 08-09-2021 |
| ഡോ. സുജ | മെഡിക്കൽ ഓഫീസർ, പി..എച്ച്.സി | 09-09-2021 | 31-03-2022 |
| ശ്രീ. മോഹൻദാസ് | ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്. ആരാമ്പ്രം | 01-04-2021 | 31-05-2021 |
| ശ്രീ. നസീം. | ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്. പൈമ്പാലുശ്ശേരി | 01-06-2021 | 31-03-2022 |
| ശ്രീമതി. രസിദ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 25-06-2021 |
| ശ്രീ. ബാഷൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 26-06-2021 | 21-10-2021 |
| ശ്രീമതി. പ്രീയങ്ക | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22-10-2021 | 11-02-2022 |
| ശ്രീമതി. രോഷ്ണി | വില്ലേജ് എക്സ്റ്റൻഷൻ | 11-02-2022 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | രസീത് സൂക്ഷിപ്പിലെ അപാകതതൾ | 1-9 |
| 10 | ശാരീരിക – മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് -ഗുണഭോക്താക്കൾക്ക് അർഹമായതിലും അധികം തുക നൽകി. | 1-10 |
| 11 | അംഗൻവാടി നവീകരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-11 |
| 12 | കുടിവെള്ള വിതരണം പദ്ധതി വെള്ളത്തിന് പഞ്ചായത്ത് വിലനൽകി | 1-12 |
| 13 | പുതിയ പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്ക് സ്ഥാപിക്കൽ-കരാറുകാരനിൽ നിന്നും അഡീഷണൽ പെർഫോർമൻസ് ഗ്യാരണ്ടി ഈടാക്കിയില്ല. | 1-13 |
| 14 | പി.എച്ച്.സി.യിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ- മുഴുവൻ കമ്പ്യൂട്ടറുകളും ലഭിച്ചില്ല. | 1-14 |
| 15 | വനിതാഘടകപദ്ധതികളുടെ രൂപീകരണത്തിൽ പദ്ധതിരൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല | 1-15 |
| 16 | മുട്ടക്കോഴിവിതരണം പദ്ധതി -ഗുണഭോക്തൃവിഹിതം ഈടാക്കിയതിലെ അപാകതകൾ | 1-16 |
| 17 | സമയ പരിധി കഴിഞ്ഞ് ഇലക്ഷൻ ഡെപ്പോസിറ്റ് തിരികെ നൽകി | 1-17 |
| 18 | സേവനം ലഭ്യമല്ലാതിരുന്നിട്ടും വാർഷിക വരിസംഖ്യ അടവാക്കുന്നു | 1-18 |
| 19 | ആയുർവ്വേദ ഡിസ്പെൻസറി നവീകരണം - പഴയ സ്ക്രാപ്പുകൾ ലേലം ചെയ്ത് കയ്യൊഴിഞ്ഞില്ല. | 1-19 |
| 20 | പുള്ളൂണിച്ചാലിൽ കോട്ടക്കാവയൽ റോഡ് ഗ്യാരണ്ടി പിരീഡിനകം റോഡ് തകർന്നത് സംംബന്ധിച്ച് | 1-20 |
| 21 | അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-21 |
| 22 | കാർ പാർക്കിംഗ് സൗകര്യം കുറവ് - നടപടി സ്വീകരിക്കേണ്ടതാണ് | 1-22 |
| 23 | അനർഹമായ കാലഘട്ടത്തിൽ അനുവദിച്ച പെൻഷൻ തിരികെ ഈടാക്കേണ്ടതാണ് | 1-23 |
| 24 | ടേക്ക് എ ബ്രേക്ക് പദ്ധതി പ്രവർത്തി ആരംഭിച്ചില്ല. | 1-24 |

| | | |
|---|---|---|
| 25 | കാമ്പ്രത്ത്കുന്ന് കുടിവെള്ള പദ്ധതി - പദ്ധതി അനന്തമായി നീളുന്നു | 1-25 |
| 26 | ഹരിത കർമ്മസേന പ്രവർത്തനം | 1-26 |
| 27 | ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ-മുഴുവൻ മരുന്നുകളും ലഭിച്ചില്ല. | 1-27 |
| 28 | 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച് | 1-28 |
| 29 | എഫ് ടി ഇ എ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ | 1-29 |
| 30 | വാടക കൃത്യമായി പിരിച്ചെടുക്കുന്നതിലും ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിലും വീഴ്ച. | 1-30 |
| 31 | സാമ്പത്തിക നില മെച്ചപ്പെടുത്തേണ്ടത് അനിവാര്യം | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സമയപരിധി കഴിഞ്ഞും ഇലക്ഷൻ ഡെപ്പോസിറ്റ് തിരികെ നൽകുന്നു | 3-1 |
| 2 | ശാരീരിക – മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് -ഗുണഭോക്താക്കൾക്ക് അർഹമായതിലും അധികം തുക നൽകി. | 3-2 |
| 3 | കുടിവെള്ള വിതരണം പദ്ധതി വെള്ളത്തിന് പഞ്ചായത്ത് വില നൽകി | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുക | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2021-22 ലെ ബജറ്റ് 20-02-2021 തീയതിയിലെ 02(01) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 24-03-2022 തീയതിയിലെ 01(01) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ഓഡിറ്റ് വർഷം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥത്തിൽ ഉള്ളത് |
|---|---|---|
| മുന്നിരിപ്പ് | 15401829 | 13212228 |
| വരവ് | 175174000 | 13213228 |
| ആകെ | 190575829 | 94850435 |
| ചെലവ് | 182103250 | 75000355 |
| നീക്കിയിരിപ്പ് | 8472579 | 19850080 |

മേൽ പ്രകാരം പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വ്യത്യാസം വന്നിട്ടുണ്ട്. ഭാവിയിൽ ബജറ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ,സാംഖ്യ റിപ്പോർട്ടുകൾ എന്നിവയുമായി താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം എംപ്ലോയീസ് ഇനത്തിലെ ഡിമാന്റ് തുക 952700 രൂപയും കലക്ഷൻ 900200 രൂപയും ആണ് എന്നാൽ വാർഷിക കണക്കിൽ 900200/- രൂപയാണ് ഡിമാന്റും കളക്ഷനുമായി രേഖപ്പെടുത്തിയിരിക്കുന്നത്.

4.സുലേഖ ചെലവ് പത്രിക പ്രകാരം സംയുക്ത പ്രൊജക്ടിനു വേണ്ടി തൻവർഷം ജില്ലാ പഞ്ചായത്തിൽ നിന്നു ലഭിച്ചത് 847714 രൂപയാണ് എന്നാൽ വാർഷിക കണക്ക് -RP -7 ഷെഡ്യൂളിൽ വരവായി കാണിച്ചത് 682714/- രൂപയാണ്.

വാർഷിക കണക്കിലെ മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13213228 |
| വരവ് | 81637207 |
| ആകെ | 94850435 |

| | |
|---|---|
| ചെലവ് | 75000355 |
| നീക്കിയിരിപ്പ് | 19850080 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 15589067 | 15589067 | 15589067 | 0 |
| വികസന ഫണ്ട് (SCP) | 6366000 | 6366000 | 6366000 | 0 |
| വികസന ഫണ്ട് (TSP) | 455000 | 455000 | 455000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) ട്രഷറി മുഖേന | 54250 | 54250 | 18748 | 35502 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) ബാങ്ക് മുഖേന | 3178000 | 3178000 | 3351549 | (-)173549 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied) ട്രഷറി മുഖേന | 3501214 | 3501214 | 3056451 | 444763 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) ബാങ്ക് മുഖേന | 4767000 | 4767000 | 3100611 | 1666389 |

## 1-5 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള വരവ് | എ.സി.ആർ പ്രകാരമുള്ള വരവ് | ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള ചെലവ് | എ.സി.ആർ പ്രകാരമുള്ള ചെലവ് |
|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | വ്യത്യാസമില്ല. | | 17065000 | 15589067 |

വികസനഫണ്ട് ( എസ്.സി.പി ) യുടെ വരവ് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മന്റ് , എ.സി.ആർ എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും ആയവയുടെ നീക്കിയിരിപ്പ് തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | എ.സി.ആർ പ്രകാരമുള്ള നീക്കിയിരിപ്പ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| വികസനഫണ്ട് ( എസ്.സി.പി ) | 0 | -264000 |

മേൽ വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 196 | 153 | 28 | 15 | 78 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6203600 | 4128 |
| വിധവാപെൻഷൻ | 17619400 | 11191 |
| വാർദ്ധക്യകാലപെൻഷൻ | 26298600 | 17245 |
| വികലാംഗപെൻഷൻ | 5832800 | 3679 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1618400 | 1036 |

.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-12-2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30,616/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 രസീത് സൂക്ഷിപ്പിലെ അപാകതതൾ

സാംഖ്യ രശീതുകളുടെ ക്യാൻസലേഷൻ നടക്കുന്ന പക്ഷം അതത് ദിവസത്തെ ഡേ ബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| തീയതി | സാംഖ്യ രസീത് നം. | സ്റ്റേഷനറി നം. |
|---|---|---|
| 11.10.2021 | 121030101516 | 01766521 |
| 01.11.2021 | 121030101682 | 1766692 |
| 05.11.2021 | 121030101729 | 1766729 |
| 11.02.2022 | 121030104927 | 1480677 |
| 18.03.2022 | 121030100403 | 1480808 |

ഡേ ബുക്കിനോടൊപ്പം അതാത് ദിവസത്തെ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റും സെക്രട്ടറിയും

ഉറപ്പുവരുത്തേണ്ടതാണ്.

1-10 ശാരീരിക – മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് -ഗുണഭോക്താക്കൾക്ക് അർഹമായതിലും അധികം തുക നൽകി.

പ്രോജക്ട് നം-21/21-22

അടങ്കൽ -2029258 (979258-വികസനഫണ്ട് ,525000-ബ്ലോക്ക്പഞ്ചായത്ത് വിഹിതം , 52500-ജില്ലാപഞ്ചായത്ത് വിഹിതം).

ചെലവ് -1722633 (979258- വികസനഫണ്ട് ,330675-ബ്ലോക്ക്പഞ്ചായത്ത് വിഹിതം , 412700-ജില്ലാപഞ്ചായത്ത് വിഹിതം).

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം നൽകുന്നതിനായി ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതിക്കായി ഓഡിറ്റ് വർഷം ആകെ 1722633 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന സ്റ്റാൻഡേർഡ്/ക്ലാസ്സ് അനുസരിച്ച് താഴെ പറയും പ്രകാരം പ്രതിമാസ സ്കോളർഷിപ്പ്/ബത്തയും വാർഷിക ബത്തയും അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

| | വിദ്യാർത്ഥിയുടെ പേര് | ക്ലാസ്സ് | നൽകിയ തുക | അർഹമായ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | മുഹമ്മദ് റാനിഷ് | 6 | 8100 | 6600 | 1500 |
| 2 | മുഹമ്മദ് അഷ്റഫ് | 9 | 9800 | 8000 | 1800 |
| 3 | ഷാദിൽ ഷാനവാസ് | LKG | 6500 | 5300 | 1200 |
| 4 | മുർഷിദ പർവീൺ | 8 | 8100 | 6600 | 1500 |
| 5 | രേവതി.പി.കെ | 1 | 6500 | 5300 | 1200 |
| 6 | സ്നേഹ.എം | 7 | 8100 | 6600 | 1500 |
| 7 | സൂര്യകിരൺ .പി.കെ | 10 | 9800 | 8000 | 1800 |
| 8 | ആമിനഹെസ്സ.കെ.ടി | LKG | 6500 | 5300 | 1200 |
| 9 | വിഷ്ണു.എം | 4 | 6500 | 5300 | 1200 |
| 10 | അക്ഷയ.എം | B.Com | 15400 | 13000 | 2400 |
| 11 | അമൽ ഗഫൂർ | 10 | 9800 | 8000 | 1800 |
| 12 | ആയിഷലിയ .ടി | 2 | 6500 | 5300 | 1200 |
| 13 | അഫ്റ റനീം | 8 | 8100 | 6600 | 1500 |
| 14 | മുഹമ്മദ് റിഷാൻ | 7 | 8100 | 6600 | 1500 |

| | | | | | |
|---|---|---|---|---|---|
| 15 | അനനന്ദ.എ | 1 | 6500 | 5300 | 1200 |
| 16 | അഭിരാമി | 10 | 9800 | 8000 | 1800 |
| | | | | ആകെ | 24300 |

മേൽ പ്രകാരം ആകെ 16 വിദ്യാർത്ഥികൾക്ക് അനുവദനീയമായതിനേക്കാൾ 24300 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതും കൂടുതലായി നൽകിയ തുക മേൽ ഗുണഭോക്താക്കൾക്കുള്ള തുടർവർഷ ധനസഹായത്തിൽ നിന്നും അഡ്ജസ്റ്റ് ചെയ്തോ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്ന് തിരികെ ഈടാക്കിയോ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-11 അംഗൻവാടി നവീകരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ.

ഓഡിറ്റ് വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അഞ്ച് അംഗൻവാടികൾ നവീകരിക്കുന്നതിനായി പദ്ധതികൾ രൂപീകരിക്കുകയും അതിൽ നാലെണ്ണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പ്രോജക്ട് നം | അങ്കണവാടിയുടെ പേര് | ചെലവ് | അടങ്കൽ |
|---|---|---|---|---|
| 1 | 136/21-22 | കൊളേരിപൊയിൽ അംഗൻവാടി നവീകരണം | 123459 | 123414 |
| 2 | 139/21-22 | മടത്തുംപൊയിൽ അംഗൻവാടി നവീകരണം | 100000 | 99975 |
| 3 | 137/21-22 | മാത്തുംകുഴി അംഗൻവാടി നവീകരണം | 100000 | 100000 |
| 4 | 138/21-22 | പറമ്പത്ത് പുറായിൽ അംഗൻവാടി നവീകരണം | 100000 | 100000 |
| 5 | 209/21-22 | കുളിപ്പുറത്ത് അംഗൻവാടി നവീകരണം | 125000 | -- |

പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ കുളിപ്പുറത്ത് അംഗൻവാടി നവീകരണത്തിനായി ആകെ 125000രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ഈ പേരിൽ പഞ്ചായത്തിൽ അംഗൻവാടി ഇല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുള്ളത്. ഇതിൽ നിന്നും യഥാർത്ഥ ആവശ്യങ്ങളുടെ അടിസ്ഥാനത്തിലല്ല മേൽ പദ്ധതി രൂപീകിച്ചിട്ടുള്ളതെന്ന് വ്യക്തമാകുന്നു.

മറ്റ് നാല് പദ്ധതികളിൽ കുട്ടികൾക്കാവശ്യമായ കളി ഉപകരണങ്ങൾ, ഫർണിച്ചർ, മറ്റ് സൗകര്യങ്ങൾ എന്നിവ നിർവ്വഹണ ഏജൻസിയായ ആർട്ട്കോ മുഖേന ലഭ്യമാക്കുകയാണ് ചെയ്തിട്ടുള്ളത്. സമാനമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായാണ് നാല് വ്യത്യസ്ത പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. ഇത് പദ്ധതികളുടെ എണ്ണം കൂട്ടുന്നതിനല്ലാതെ നിർവ്വഹണത്തിൽ മറ്റ് ഗുണപരമായ യാതൊരുവിധ മാറ്റങ്ങളും സൃഷ്ടിക്കാൻ ഉപകരിച്ചില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതു തുടർവർഷങ്ങളിൽ ഇത്തരം അപാകതകൾ

ഒഴിവാക്കുന്നതിനായി ശ്രദ്ധിക്കേണ്ടതുമാണ്.

## 1-12 കുടിവെള്ള വിതരണം പദ്ധതി വെള്ളത്തിന് പഞ്ചായത്ത് വിലനൽകി

പ്രോജക്ട്-70/21-22

അടങ്കൽ -300000

ചെലവ് - 142549

ഓഡിറ്റ് വർഷം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വേനൽക്കാലത്ത് ടാങ്കറിൽ കുടിവെള്ള വിതരണം ചെയ്യൽ പദ്ധതിക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ ശ്രീ .മനോജ് കുമാർ വി.കെ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചു. 2021 ഏപ്രിൽ മാസം 28-ാം തിയ്യതി നടത്തിയ നെഗോസിയേഷന് ശേഷം 4000 ലിറ്റർ വെള്ളം 1 കിലോ മീറ്റർ ദൂരത്തിൽ വിതരണം ചെയ്യുന്നതിന് 74 രൂപ നിരക്ക് അംഗീകരിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ശ്രീ.മനോജ്കുമാർ വി.കെയുമായി സെക്രട്ടറി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.ആയത് പ്രകാരം കരാറുകാരൻ വെള്ളം വിതരണം ചെയ്തത് വാഹനത്തിന്റെ ജി.പിഎസ് ലോഗ്, ലോഗ്ബുക്ക് എന്നിവ യുമായി ഒത്തുനോക്കി ആകെ 1712.28 കിലോമീറ്റർ കണക്കാക്കി ലിറ്ററിന് 74രൂപ നിരക്കിൽ 126709രൂപ (ബിൽ നം-345/25-03-22) പ്രകാരം കരാറുകാരന് നൽകിയിട്ടുണ്ട്. ഇതിനു പുറമെ കേരളാ വാട്ടർ അതോ റിറ്റിയുടെ 29-06-21 ലെ ഇ.ഇ/പി.എച്ച്.ഡി /കെ.കെ.ഡി / ഡി6-Tankerlorry/2021 നമ്പർ കത്ത് പ്രാകാരം 264 കിലോലിറ്റർ കുടിവെള്ളത്തിന്റെ വിലയായി 15840 രൂപ (ബിൽ നം-346/25-03-33) കേരളാ വാട്ടർ അതോറിറ്റിക്ക് നൽകിയതായും കാണുന്നു. കരാറുകാരൻ കിലോമീറ്ററിന് 74രൂപ എന്നനിരക്ക് ക്വാട്ട് ചെയ്തത് വെള്ളം ഉൾപ്പെടെ ഉള്ള നിരക്കാണെന്നിരിക്കെ വെള്ളത്തിന്റെ വിലയായി കേരളാ വാട്ടർ അതോറിറ്റിക്ക് നൽകിയ 15840 രൂപ കുറവ് വരുത്താതെയാണ് കിലോമീറ്ററിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക നൽകിയിരിക്കുന്നത്. ആയത് കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-13 പുതിയ പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്ക് സ്ഥാപിക്കൽ-കരാറുകാരനിൽ നിന്നും അഡീഷണൽ പെർഫോർമൻസ് ഗ്യാരണ്ടി ഈടാക്കിയില്ല.

പ്രോജക്ട് നം-249/21-22

അടങ്കൽ - 175522 ( തനത് ഫണ്ട്)

ചെലവ് - 137341 (ബിൽ നം-208/07/02/2022)

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് ഇലക്ട്രോണിക്സ് ഉപവിഭാഗം തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 20% കുറവ് ക്വാട്ട് ചെയ്ത 'ആനോൺ സിസ്റ്റം ആന്റ് സർവ്വീസസിന്റെ' ടെണ്ടർ അംഗീകരിക്കുകയും സെക്രട്ടറിയുമായി കരാറിൽ (3/21-22)ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ എം ബുക്ക് (നം-91/21-22) പ്രകാരം ആകെ 20% ടെണ്ടർ കുറവ് കഴിച്ച് ജി.എസ്.ടി ഉൾപ്പെടെ 137341/- (122626+14715) രൂപ പ്രവൃത്തിമൂല്യത്തിൽ IT- 2453,KCWF- 1226 രൂപ കുറവ് വരുത്തി 133662 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 10% മോ അതിൽ കുറവോ ക്വാട്ട് ചെയ്യുന്ന കരാറുകാരിൽ നിന്നും അഡീഷണൽ പെർഫോർമൻസ് ഗ്യാരണ്ടി ഈടാക്കി പ്രവൃത്തി നിർവ്വഹിക്കേണ്ടതും ഗ്യാരണ്ടി പിരീഡിനു ശേഷം മാത്രം പെർഫോർമൻസ് ഗ്യാരണ്ടി തിരിച്ചു നൽകിയാൽ മതിയാവുന്നതുമാണ്. സെക്രട്ടറിയുമയി ഏർപ്പെട്ട കരാർ പ്രകാരം പ്രവൃത്തിയുടെ ഗ്യാരണ്ടി പിരീഡ് 3 വർഷമാണ് എന്നിരിക്കെ കരാറുകാരനിൽ നിന്നും 12262രൂപ അഡീഷണൽ പെർഫോർമൻസ് ഗ്യാരണ്ടി യായി ഈടാക്കേണ്ടതും ആയത് 3വർഷത്തിന് ശേഷം കരാറുകാരന് പരിശോധനകൾക്കു ശേഷം തിരിച്ചു നൽകേണ്ടതുമാണ്. എന്നാൽ മേൽ പ്രവൃത്തിയിൽ കരാറുകാരനിൽ നിന്നും അഡീഷണൽ പെർഫോർമൻസ് ഗ്യാരണ്ടി തുക ഈടാക്കാതെയാണ് പ്രവൃത്തി നിർവ്വഹണം ചെയ്തിട്ടുള്ളതും ഫൈനൽ ബിൽ നൽകിയിട്ടുള്ളതും.

ആയതിന് വിശദീകരണം നൽകേണ്ടതാണ്.

1-14 പി.എച്ച്.സി.യിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ- മുഴുവൻ കമ്പ്യൂട്ടറുകളും ലഭിച്ചില്ല.

പ്രോജക്ട് നം-200/21-22

അടങ്കൽ -200000

ചെലവ് -79594

നിർവ്വഹണം - മെഡിക്കൽ ഓഫീസർ പി.എച്ച്.സി

മടവൂർ എഫ്.എച്ച്.സിയിലേക്ക് ഇൻവർട്ടർ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങലിനാണ് പദ്ധതിതയ്യാറാക്കിയിരുന്നത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കെൽട്രോണിന്റെ പെർഫോർമാ ഇൻവോയ്സ് നം-TVM/ITBG/PI/RC/36651/20-21 തീയ്യതി 26-03-22പ്രകാരം രണ്ട് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളുടെ വിലയായി 79594 രൂപ കേരളാസ്റ്റേറ്റ് ഐ.ടി മിഷന് കൈമാറി യിട്ടുണ്ട്.നാളിതുവരെ കെൽട്രോൺ ഒരു ഡെസ്ക്ടേപ്പ് കമ്പ്യൂട്ടർ മാത്രമേ സ്ഥാപനത്തിന് സപ്ലൈ ചെയ്തിട്ടുള്ളൂ എന്നാണ് സെക്ഷൻ ക്ലാർക്ക് അറിയിച്ചത്. സ്റ്റോക്ക് രജിസ്റ്റർ പേജ് നം-113 പ്രകാരം 43129 രൂപ വിലയുള്ള ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ കെൽട്രോണിൽ നിന്നും ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇൻവോയ്സ് ബിൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന് 39797 രൂപ നിരക്കിൽ രണ്ട് കമ്പ്യൂട്ടറുകൾക്കായാണ് 79594 രൂപ കെൽട്രോണിന് നൽകിയിട്ടുള്ളത് എന്നിരിക്കെ 43129 രൂപ വിലയുള്ള ഒരു ഡെസ്ക്ടോപ്പ് മാത്രം കെൽട്രോൺ സപ്ലൈ ചെയ്യാനിടയായത് വിശദീകരിക്കേണ്ടതും കെൽട്രോണിൽ നിന്നും അവശേഷിക്കുന്ന 36465 രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-15 വനിതാഘടകപദ്ധതികളുടെ രൂപീകരണത്തിൽ പദ്ധതിരൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് കാർഷിക മേഖല , മൃഗസംരക്ഷണമേഖല എന്നിവയിൽ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ: പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 64/പച്ചക്കറി വിത്തും തൈ വിതരണം (എസ്സ്.സി)വനിത | 39998(വികസനഫണ്ട്) | 39998(വികസനഫണ്ട്) |
| 2 | 65/പച്ചക്കറി വിത്തും തൈ വിതരണം വനിത | 35000(വികസനഫണ്ട്) | 35000(വികസനഫണ്ട്) |
| 3 | 58/തെങ്ങിന് ജൈവരാസ വളം വിതരണം വനിത | 1161288 (761500-വികസനഫണ്ട്, 399788-ഗുണഭോക്തൃവിഹിതം) | 1161288 (761500-വികസനഫണ്ട്, 399788-ഗുണഭോക്തൃവിഹിതം) |

| | | | |
|---|---|---|---|
| 4 | 22/മുട്ടക്കോഴിവിതരണം വനിത | 807600 (403800-വികസനഫണ്ട്, 403800-ഗുണഭോക്തൃവിഹിതം) | 807600 (403800-വികസനഫണ്ട്, 403800-ഗുണഭോക്തൃവിഹിതം) |
| 5 | 23/മുട്ടക്കോഴിവിതരണം എസ്സ്.സി | 204000 (218700-വികസനഫണ്ട്, 72900-ഗുണഭോക്തൃവിഹിതം ) | 204000 (218700-വികസനഫണ്ട്, 72900-ഗുണഭോക്തൃവിഹിതം ) |
| 6 | 152/എസ്സ്.സി വനിതകൾക്ക പോത്തുകുട്ടി വിതരണം | 204000 (218700-വികസനഫണ്ട്, 72900-ഗുണഭോക്തൃവിഹിതം ) | 204000 (218700-വികസനഫണ്ട്, 72900-ഗുണഭോക്തൃവിഹിതം ) |
| 7 | 31/മിൽക്ക് ഇൻസെന്റീവ് -വനിത | 550000 (250000-വികസനഫണ്ട്, 100000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 200000-ജില്ലാപഞ്ചായത്ത് വിഹിതം) | 400014 (250000-വികസനഫണ്ട്, 100000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 50014-ജില്ലാപഞ്ചായത്ത് വിഹിതം) |

സ.ഉ (കൈ)നം.11/2018/തസ്വഭവ.തീ.29.1.2018 ഖണ്ഡിക 6.3 പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. സ്ത്രീകൾക്കും പുരുഷൻ മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. ഉത്പാദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ ആരംഭിക്കാനുള്ള പ്രൊജക്ടുകൾക്ക് രൂപം നൽകാവുന്നതാണ്. സ്ത്രീകളുടെ തൊഴിൽ, വരുമാന വർദ്ധനവിനായി -സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പുറമെ സ്ത്രീകളുടെ ലേബർബാങ്ക്, സ്വയം തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനത്തിന് വിപണന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കാവു ന്നതാണ്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ, സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്കൊണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ പരിശീലനങ്ങൾ നൽകൽ തുടങ്ങിയവയാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ.

തൻവർഷം വനിതകൾക്കുള്ള സബ്സിഡിയായി കാർഷികമേഖലയിൽ 761500/- രൂപയും, മൃഗസംരക്ഷണമേഖലയിൽ 1241214/- രൂപയും ചെലവഴിച്ചിട്ടുണ്ട്. വനിതകൾക്ക് കാർഷിക മേഖലകളിലും മൃഗസംരക്ഷണ മേഖലകളിലും അനുവദിക്കുന്ന സബ്സിഡി, വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. തുടർവർഷങ്ങളിൽ വനിതാ ഘടകപദ്ധതികളുടെ രൂപീകരണ, നിർവ്വഹണത്തിൽ മാർഗ്ഗ രേഖയിലെ നിർദ്ദേശം പാലിച്ചായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 മുട്ടക്കോഴിവിതരണം പദ്ധതി -ഗുണഭോക്തൃവിഹിതം ഈടാക്കിയതിലെ അപാകതകൾ

ഓഡിറ്റ് വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം രണ്ട് മുട്ടക്കോഴി വിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 120 രൂപ വിലയുള്ള അഞ്ച് കോഴികളെ വീതമാണ് പദ്ധതികളിൽ വിതരണം ചെയ്തത്. പ്രോജക്ട് 22ൽ 50% സബ്സിഡി നിരക്കിലും 23 ൽ 75% സബ്സിഡി നിരക്കിലുമാണ് കോഴികളെ വിതരണം നടത്തിയിട്ടുള്ളത്. ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 22 | മുട്ടക്കോഴി വിതരണം വനിത | 807600<br>(403800-വികസനഫണ്ട്,<br>403800-ഗുണഭോക്തൃവിഹിതം) | 807600<br>(403800-വികസനഫണ്ട്,<br>403800-ഗുണഭോക്തൃവിഹിതം) |
| 23 | മുട്ടക്കോഴി വിതരണം എസ്സ്.സി | (299700-വികസനഫണ്ട്,<br>99900-ഗുണഭോക്തൃവിഹിതം) | 291600<br>(218700-വികസനഫണ്ട്,72900-ഗുണഭോക്തൃവിഹിതം) |

പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ പദ്ധതിക്കായി ഗുണഭോക്തൃവിഹിതം കളക്ട് ചെയ്തിരിക്കുന്നതും അടവാക്കി യിരിക്കുന്നതും വാർഡ് മെമ്പർമാരാണ്. വെറ്ററിനറി സർജന് അനുവദിച്ച രസീത് പുസ്തകം 6478പ്രകാരം ഓരോ വാർഡിലെയും ഗുണഭോക്തൃലിസ്റ്റിലെ നിശ്ചിത എണ്ണം ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കി വാർഡ് മെമ്പർമാരുടെ പേരിൽ തുക അടവാക്കുകയും കളക്ഷൻ രജിസ്റ്ററിൽ ഗുണഭോക്തൃലിസ്റ്റ് പ്രകാരമുള്ളവരുടെ പേര് എഴുതിചേർക്കുകയും ചെയ്തിട്ടുണ്ട്. വെറ്ററിനറി സർജൻ നടപ്പാക്കിയ വിവിധ പ്രൊജക്ടുകളിലെ ഗുണഭോക്തൃവിഹിതം കളക്ഷൻ തുക താഴെ പറയും തീയതികളിലാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്.

| രസീത് നം/ തീയ്യതി | അടവാക്കിയ തുക |
|---|---|
| 121030101285/20-9-21 | 55800 |
| 121030101449/5-10-21 | 183900 |
| 121030101540/13-10-21 | 102000 |

| | |
|---|---|
| 121030101643/26-10-21 | 9000 |
| 121030102219/9-12-21 | 67800 |
| 121030102410/23-12-21 | 15000 |
| 121030102572/1-1-22 | 8100 |
| 121030103566/19-1-22 | 6000 |
| 121030103693/21-1-22 | 42000 |
| 121030105379/22-2-22 | 3000 |
| 121030105803/2-3-22 | 11100 |
| 121030106274/15-3-22 | 27000 |
| ആകെ | 530700 |

ഗുണഭോക്തൃവിഹിതം വാർഡ് മെമ്പർമാരാണ് കളക്ട് ചെയ്തിട്ടുള്ളത് എന്നതിനാലും ഗുണഭോക്താക്കൾക്ക് വ്യക്തിഗത രസീത് നൽകാത്തതിനാലും ആരിൽ നിന്നും എന്ന് എത്ര തുക വീതമാണ് ഈടാക്കിയത് എന്ന കാര്യത്തിൽ സുതാര്യത ഇല്ലാതെ വരുന്നു. ഇക്കാരണത്താൽ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണ് കോഴികളെ വിതരണം ചെയ്തിരിക്കുന്നത് എന്നത് ഉറപ്പുവരുത്താൻ കഴിയാതെയും വരുന്നു.

രസീത് പുസ്തകനമ്പർ 6478 ലെ 29 മുതൽ 33വരെ രസീതുകൾ ഡബിൾസൈഡ് കാർബൺ ഉപയോഗിക്കാതെയും രസീത് നമ്പർ 55മുതൽ 58വരെ രസീതുകളിൽ ഡബിൾസൈഡ് കാർബൺ ഉപയോഗിച്ച് രസീത് എഴുതിയിട്ടുണ്ടെങ്കിലും തീയതി രേഖപ്പെടുത്താതെയാണ് രസീത് നൽകിയതായും പ്രസ്തുത രസീതുകളിൽ തീയതി പിന്നീട് എഴുതി ചേർത്ത നിലയിലുമാണ് കാണാൻ കഴിഞ്ഞത്. രസീത് പ്രകാരം കളക്ട് ചെയ്ത തുക നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താതെയാണ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിരിക്കുന്നത്. രസീത് പിരിവിലെയും അടവാക്കലിലെയും മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-17 സമയ പരിധി കഴിഞ്ഞ് ഇലക്ഷൻ ഡെപ്പോസിറ്റ് തിരികെ നൽകി

2020 ഡിസംബർ മാസം നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ ഭാഗമായി 36 സ്ഥാനാർത്ഥികൾക്ക് അവർ സമർപ്പിച്ച നിക്ഷേപം തിരികെ നൽകിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 144(2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചതിന് ശേഷം മൂന്ന് മാസത്തിനകം നിക്ഷേപം തിരിച്ച് നൽകേണ്ടതാണ്. 2020 ഡിസംബർ മാസം തെരഞ്ഞെടുപ്പ് ഫലം വന്ന സാഹചര്യത്തിൽ നിക്ഷേപം 2021 മാർച്ച് മാസത്തിനകം സ്ഥാനാർത്ഥികൾക്ക് തിരിച്ച് നൽകേണ്ടതായിരുന്നു. എന്നാൽ 36 പേർക്കും മാർച്ച് മാസത്തിനുശേഷമാണ് ഇലക്ഷൻ ഡെപ്പോസിറ്റ് തിരികെ നൽകിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| തിയ്യതി | വൗച്ചർ നമ്പർ | അനുവദിച്ച തുക |
|---|---|---|

| | | |
|---|---|---|
| 09.09.21 | 22100448 | 34000 |
| ആകെ 34000 | | |

അതിനാൽ മേൽ പ്രകാരം സമയപരിധി കഴിഞ്ഞ് തിരികെ നൽകിയ ഇലക്ഷൻ ഡെപ്പോസിറ്റ് തുക 34000 രൂപ പഞ്ചായത്തിൽ തിരികെ അടവാക്കേണ്ടതാണ്.

1-18 സേവനം ലഭ്യമല്ലാതിരുന്നിട്ടും വാർഷിക വരിസംഖ്യ അടവാക്കുന്നു

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വാർഷിക വരിസംഖ്യയായി 2,000 രൂപ നൽകുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലും കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ 29.9.2021 തീയതിയിലെ ബി-231/2021 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും മടവൂർ ഗ്രാമ പഞ്ചായത്ത് കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ വാർഷിക വരിസംഖ്യയായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം 2,000 രൂപ അടവാക്കിയിട്ടുണ്ട്.

| തുക | ഇനം | വൗച്ചർ നമ്പർ, തീയതി | ചെക്ക് നമ്പർ, തീയതി |
|---|---|---|---|
| 2,000 | 2021-22 വർഷത്തെ വാർഷിക വരിസംഖ്യ | 22100541, 20.12.21 | 150614 , 20.10.2021<br>മടവൂർ സർവ്വീസ് കോ-ഓ-ബാങ്ക്. |

ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കും ഡയരക്ടർ ബോർഡിലേക്കും ഉള്ള ഗ്രാമ പഞ്ചായത്തുകളുടെ പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ വാർഷിക വരിസംഖ്യ അടച്ച പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് മാത്രമാണ് മൽസരിക്കാൻ കഴിയുക എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ മടവൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും ജനപ്രതിനിധികളാരും തന്നെ നാളിതുവരെ ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കോ ഡയരക്ടർ ബോർഡിലേക്കോ മൽസരിച്ചിട്ടില്ല. കൂടാതെ മടവൂർ ഗ്രാമ പഞ്ചായത്ത് ഇപ്പോൾ ക്രൂസിൽ നിന്നും തെരുവ് വിളക്കുകൾ വാങ്ങുകയോ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിലോ പരിപാലനത്തിലോ ക്രൂസിന്റെ സേവനം ആവശ്യപ്പെടുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നുമില്ല. ഈ സാഹചര്യത്തിൽ ക്രൂസിന് വാർഷിക വരിസംഖ്യയായി എല്ലാ വർഷവും 2,000 രൂപ നൽകുന്നതു കൊണ്ട് ഗ്രാമ പഞ്ചായത്തിന് യാതൊരു പ്രയോജനവും ഉണ്ടാവുന്നില്ല. ഈ സാഹചര്യത്തിൽ ഈ വരിസംഖ്യയിനത്തിൽ തുടർന്നും തുക നൽകുന്നത് സംബന്ധിച്ച് ഭരണ സമിതിയ്ക്ക് പുന:രാലോചിക്കാവുന്നതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

1-19 ആയുർവ്വേദ ഡിസ്പെൻസറി നവീകരണം - പഴയ സ്ക്രാപ്പുകൾ ലേലം ചെയ്ത് കയ്യൊഴിഞ്ഞില്ല.

പ്രോജക്ട് ആയുർവ്വേദ ഡിസ്പെൻസറി നവീകരണം

പ്രോജക്ട് നമ്പർ 53/22

നിർവ്വഹണം അസി.എഞ്ചിനീയർ

നിലവിലുള്ള ആയുർവ്വേദ ആശുപത്രി കെട്ടിടത്തിനു മുകളിലുള്ള ഷീറ്റ് ജീർണ്ണിച്ചതിനാൽ അത് പൊളിച്ച് പുതിയ ഷീറ്റ് ഇടാനും കെട്ടിടത്തിന്റെ അകത്ത് മരുന്നുകൾ സൂക്ഷിക്കാൻ പുതിയ റാക്ക് , വാഷ് ബേസിൻ, നിലവിലെ അടുക്കള പുതിയ റൂമായി മാറ്റൽ, കെട്ടിടത്തിന്റെ പുറത്ത് ഭാഗത്ത് പുതിയ റൂം നിർമ്മിക്കൽ എന്നിവയാണ് മേൽ പ്രോജക്ട് കൊണ്ട് ഉദ്ദേശിച്ചത്. 500000/- രൂപയുടെ എസ്റ്റിമേറ്റ്, കിച്ചൺ സിങ്ക് , സോക്ക് പിറ്റ്, നിലവിലുള്ള ജി.ഐ .പൈപ്പിന് പെയിന്റ് അടിക്കൽ എന്നീ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി അടങ്കൽ തുകയിൽ മാറ്റമില്ലാതെ റിവൈസ് ചെയ്തിട്ടുണ്ട് .

പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ചതിൽ 421979/- രൂപക്ക് പ്രവർത്തി പൂർത്തീകരിക്കുന്നതിന് ശ്രീ സി.കെ.പ്രബീഷ് ടെണ്ടർ സമർപ്പിച്ചു. ടെണ്ടർ അംഗീകരിച്ചതിനെ തുടർന്ന് ടിയാൻ 22300/- രൂപയുടെ ജാമ്യ നിക്ഷേപം അടവാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയായതിനെ തുടർന്ന് 30.03.22 ലെ 2117025201270151314 9 നമ്പർ ബിൽ പ്രകാരം 472618/- രൂപ (455738+12660+4220) കരാറുകാരന് അനുവദിച്ചിട്ടുണ്ട് .ബില്ലിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

Total Value Of Work Done 445767/-

Limited To Agreed Amount 421979/-

GST 12% 50637

Total 472618

IT @1% 4220

KCWF @1% 4220

CGST 1% 4220

SGST 1% 4220

Net Amount Payable To Contractor 455738

സൈറ്റ് വെരിഫിക്കേഷന്റെ ഭാഗമായി ഓഡിറ്റ് ടീം 09.12.22 ന് നടത്തിയ പരിശോധനയിൽ ആശുപത്രി കെട്ടിടത്തിനു മുകളിലുണ്ടായിരുന്ന ഷീറ്റ് സമീപത്ത് അട്ടിയിട്ടതായി കണ്ടു . കൂടാതെ കെട്ടിടത്തിനു മുകളിലും കൂട്ടിയിട്ടിട്ടുള്ളതായി ആയുർവ്വേദ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട് .

പ്രവൃത്തിയുടെ എം ബുക്ക് (നമ്പർ 217 , പേജ് നമ്പർ 1) പരിശോധിച്ചതിൽ 177.125 M2 അളവിൽ പഴയ ഷീറ്റ് പൊളിച്ചെടുത്തിട്ടുണ്ട് ആയത് പുനരുപയോഗ യോഗ്യമല്ലെന്ന് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ആയത് ലേലം ചെയ്ത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

1-20 പുള്ളൂണിച്ചാലിൽ കോട്ടക്കാവയൽ റോഡ് ഗ്യാരണ്ടി പിരീഡിനകം റോഡ് തകർന്നത് സംംബന്ധിച്ച്

പ്രോജക്ട് നമ്പർ :: 118/22

പ്രോജക്ട് :: പുള്ളൂണിച്ചാലിൽ കോട്ടക്കാവയൽ റോഡ്

പുള്ളൂണിച്ചാലിൽ കോട്ടക്കാവയൽ റോഡ് (ചെയിനേജ് 0/500-0/700)സ്കാരിഫൈ ചെയ്ത് റീടാറിംഗ് നടത്തുന്നതിനായിരുന്ന പ്രോജക്ട് .എന്നാൽ പ്രസ്തുത ചെയിനേജ് 0/500 - 0/802 വരെ ഫ്ലഡ് പദ്ധതിയിൽ ഉൾട്ടുത്തിപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ പഞ്ചായത്ത് പ്രവർത്തിയുടെ ചെയിനേജ് മാറ്റുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട് .(03.02.2021 ലെ4(1) നമ്പർ തീരുമാനം ). പ്രോജക്ടിന്റെ എസ്റ്റിമേറ്റ് 350000/- രൂപയാണ് .

ടെണ്ടർ ക്ഷണിച്ചതിൽ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ റഹീസ്.പി.കെ.യുടെ ടെണ്ടർ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട് .(17/07/20 ലെ 2(1)തീരുമാനം നമ്പർ ).03.09.2020 ലെ 46/20-21 നമ്പർ പ്രകാരം ടിയാൻ എ.ഇ – എൽ .എസ് .ജി.ഡി മടവൂർ സെക്ഷനമായി കരാർ വെക്കുകയും 17500/- രൂപ ജാമ്യ നിക്ഷേപമായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് .കരാറിലെ 7 ാം നമ്പർ വ്യവസ്ഥ പ്രകാരം ഗ്യാരണ്ടി പിരീഡിൽ സംഭവിക്കുകയോ കാണുകയോ ചെയ്യുന്ന എല്ലാ തകരാറുകളും സ്വന്തം ചെലവിൽ പരിഹരിക്കുന്നതിന് കരാറുകാരന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്.

പണി പൂർത്തിയായതിനെ തുടർന്ന് 18.10.21 ലെ 2117025201270052761 1 നമ്പർ ബിൽ പ്രകാരം 217674 /- രൂപ (213786+1944+1944) കരാറുകാരന് അനുവദിച്ചിട്ടുണ്ട് . ബില്ലിന്റെ വിശദാംശം ചുവടെ

Total Value Of Work Done 194352/-

GST 12% 23322

Total 217674

IT @1% 1944

KCWF @1% 1944

Net Amount Payable To Contractor 213786

സൈറ്റ് വെരിഫിക്കേഷന്റെ ഭാഗമായി ഓഡിറ്റ് ടീം 09.12.22 ന് നടത്തിയ പരിശോധനയിൽ റോഡ് ചില സ്ഥലങ്ങളിൽ പൊട്ടി പൊളിഞ്ഞതായി കണ്ടു .

ഫിനാൻസ് (ഇൻഡസ്ട്രീസ് & പബ്ലിക് വർക്സ് - ബി )ഡിപ്പാർട്ട്മെന്റിന്റെ 25.11.19 ലെ 161/19 ഫിൻ നം ഉത്തരവ് പ്രകാരം റോഡ് വർക്കുകളുടെ Defect Liability Period 24 മാസമാണ് . പ്രവൃത്തി പൂർത്തിയായതിനു ശേഷം അളവുകൾ രേഖപ്പെടുത്തിയത് 24.02.21 ന് ആയതിനാൽ റോഡിന്റെ ഗ്യാരണ്ടി പിരീഡ് കഴിഞ്ഞിട്ടില്ല .

റോഡിന്റെ തകരാറുകൾ പരിഹരിക്കുന്നതിന് കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ പ്രവൃത്തിയുടെ തകരാറുകൾ മറ്റൊരു ഏജൻസിയെ കൊണ്ട് പരിഹരിക്കുന്നതിന് വേണ്ടി വരുന്ന ചെലവ് കരാറുകാരന്റെ ജാമ്യ നിക്ഷേപത്തിൽ നിന്ന് വസൂലാക്കി റോഡിന്റെ തകരാറുകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

I.അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്തില്ല .

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മുൻ വർഷങ്ങളിൽ അനുവദിച്ച അഡ്വാൻസ് തുകകൾ ഇനിയും അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു.കേരള ഫിനാൻഷ്യൽ കോഡ് പ്രകാരം അഡ്വാൻസ് ആയി അനുവദിച്ച തുകകൾ 6 മാസത്തിനകം അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1.2018-19 വർഷം മുതൽ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ അഡ്വാൻസ് തുകകൾ ഇനിയും അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്നുണ്ട് .വിശദാംശം ചുവടെ

| തിയ്യതി | നിർവ്വഹണ ഏജൻസിയുടെ പേര് | അഡ്വാൻസ് നൽകിയ തുക |
|---|---|---|
| 30.08.18 | K.W.A | 170000 |
| 30.8.18 | K.W.A | 300000 |
| 19.03.21 | K.W.A | 370000 |
| 31.03.21 | K.W.A | 101000 |
| 31.03.21 | K.W.A | 270000 |
| ആകെ | | 1211000 |

2. 3.12.14 ലെ Advance To Accredited Agencies Data Bank Printing Charge ഇനത്തിലെ തുക (5000/-

രൂപ) ഇതുവരേയും ക്രമീകരിച്ചിട്ടില്ല.

അഡ്വാൻസ് തുകകൾ അഡ്ജസ്റ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-22 കാർ പാർക്കിംഗ് സൗകര്യം കുറവ് - നടപടി സ്വീകരിക്കേണ്ടതാണ്

ബിൽഡിംഗ് പെർമിറ്റ് നമ്പർ 4491/17 തീയതി 11.09.2017 പ്രകാരം മുഹമ്മദ് അസ്ലം മുതൽ 2 പേർക്ക് 521-72 ചതുരശ്ര മീറ്റർ വാണിജ്യം/റസിഡൻഷ്യൽ കെട്ടിടത്തിന് അനുമതി നൽകിയിട്ടുണ്ട്. ഫയലിനോടൊപ്പമുള്ള കംപ്ലീഷൻ പ്ലാൻ പ്രകാരം 280.25 ചതുരശ്ര മീറ്റർ വാണിജ്യ കെട്ടിടവും, 86.16 ച,മീ. റസിഡൻഷ്യൽ കെട്ടിടവുമാണ് നിർമ്മിച്ചിട്ടുള്ളത്. ഇതിന് 4 കാർ പാർക്കിംഗ് സൗകര്യമാണ് പ്ലാനിൽ കാണിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 38 പ്രകാരം പട്ടിക 4 എ -യിൽ 60 ച,മീ മുതൽ 150 ച.മീ വരെയുള്ള വാസ യൂനിറ്റിന് ഓരോ താമസ യൂനിറ്റിനും ഒന്ന് എന്ന കണക്കിലാണ് തെരുവ് വിട്ടുള്ള പാർക്കിംഗ്. അത്തരത്തിൽ കണക്കാക്കിയാൽ 86.16 മീറ്റർ വാസസ്ഥലത്തിന് ഒരു കാർ പാർക്കിംഗ് കണക്കാക്കാം. മേൽ ചട്ടം പട്ടിക 4 ബി പ്രകാരം ഗണം ഇ -യിൽ വരുന്ന വ്യാപാര കെട്ടിടത്തിന് 75 ച.മീ. കാർപ്പറ്റ് വിസ്തീർണ്ണത്തിന് ഒന്ന് എന്ന കണക്കിൽ 280.25 ച,മീ.കെട്ടിടത്തിന് 4 കാർ പാർക്കിംഗും കണക്കാക്കാം.

ഇവിടെ മൊത്തത്തിൽ 5 കാർപാർക്കിംഗ് ആണ് വേണ്ടത്. പകരം 4 എണ്ണമാണ് പ്ലാനിൽ കാണിച്ചത്. കൃത്യമായ സ്ഥല പരിശോധന നടത്തി കാർപ്പറ്റ് ഏരിയ കാണിച്ചതിൽ കുറവ് വന്നിട്ടുണ്ടോയെന്ന് പരിശോധിച്ച്, ആവശ്യമായ കാർ പാർക്കിംഗ് തന്നെയാണോ പ്ലാനിൽ വ്യക്തമാക്കിയതെന്ന് പരിശോധിച്ച് ഉറപ്പിച്ച്, മേൽ കാണിച്ച പ്രകാരം ഒരു കാർ പാർക്കിംഗ് കുറവ് ഉണ്ടെങ്കിൽ അതിന് നിയമാനുസൃതമായ ഫൈൻ ഈടാക്കേണ്ടതാണ്.

## 1-23 അനർഹമായ കാലഘട്ടത്തിൽ അനുവദിച്ച പെൻഷൻ തിരികെ ഈടാക്കേണ്ടതാണ്

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾ, മരണമടഞ്ഞിട്ടും ഇവർക്ക് അനുവദിച്ചിരുന്ന പെൻഷൻ പരേതരുടെ കുടുംബം തുടർന്നും കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വാർഡ് ക്ലാർക്കുമാർ അന്വേഷണം നടത്തിയ ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ പെൻഷൻ തടഞ്ഞുവെച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | തീരുമാനം | പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | 07.09.2021 ലെ 55/21 | 26 |
| 2 | 06.12.2021 ലെ 87/21 | 55 |
| 3 | 15.01.2022 ലെ 91 എ | 10 |
| 4 | 10.02.2022 ലെ 100/21 | 39 |
| | | 130 |

ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1) സർക്കാർ ഉത്തരവ് 02.08.2021 ലെ 63/2021 ന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലാണ് മേൽ വിവരിച്ച ഗുണഭോക്താക്കൾ മരണപ്പെട്ടതായി കണ്ടെത്തിയതും ബിൽ ഡിസ്ക്രീപെൻസി ലിസ്റ്റിൽ ഉൾപ്പെട്ടവർ, സേവന സോഫ്റ്റ് വെയർ വഴി പെൻഷൻ സസ്പെൻഡ് ചെയ്തതും. മേൽ കാണിച്ച ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷം ഇവരുടെ കുടുംബങ്ങൾ പെൻഷൻ കൈപ്പറ്റിയത്,

തിരിച്ചടയ്ക്കാൻ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടെങ്കിലും, 3 ഗുണഭോക്താക്കളുടെ കുടുംബം മാത്രമാണ്, അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക സർക്കാരിലേക്ക് തിരിച്ചടച്ചത്. വേലായുധൻ പി.എം കൈപ്പറ്റിയ തുക തിരിച്ചടക്കുന്നതിൽ നിന്ന് 18.03.22 ലെ എസ്.എഫ്.സി.ബി1/42/2022 ഫിൻ പ്രകാരം സർക്കാർ ഒഴിവാക്കിയിട്ടുണ്ട്.

അവശേഷിക്കുന്ന 126 പേരിൽ നിന്ന് ഗുണഭോക്താക്കളുടെ മരണശേഷം അവരുടെ കുടുംബം അനർഹമായി ഗുണഭോക്താവിന്റെ പേരിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയത് തിരിച്ചടയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2) സർവ്വീസ് പെൻഷൻ/കുടുംബ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന വേലായുധൻ പി.എം, പൂളക്കോട് മീത്തൽ, എരവന്നൂർ, ഗീത പി.കെ, പേന കുഴിയിൽ, മുട്ടാഞ്ചേരി എന്നീ 2 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിൽ നിന്നും അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി ധനവകുപ്പ് കണ്ടെത്തിയിട്ടുണ്ട്.(ഫയൽ നമ്പർ എ6-4918) വേലായുധൻ 46100 രൂപയും, ഗീത 22100 രൂപയുമാണ് ഇത്തരത്തിൽ പെൻഷൻ കൈപ്പറ്റിയത്. വേലായുധൻ പി.എം കൈപ്പറ്റിയ തുക തിരിച്ചടക്കുന്നതിൽ സർക്കാർ ഒഴിവാക്കിയെങ്കിലും ഗീത തുക വൗച്ചർ നമ്പർ 22100596/09.11.21 പ്രകാരം തിരിച്ചടച്ചു. കൂടാതെ സർവ്വീസ് പെൻഷൻ/കുടുംബ പെൻഷൻ കൈപ്പറ്റുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നത്, പെൻഷൻ അപേക്ഷ പരിശോധിക്കുന്ന ഉദ്യോഗസ്ഥർ ശരിയായ രീതിയിൽ പരിശോധന നടത്തുന്നില്ല എന്നതിന് വ്യക്തമായ തെളിവാണ്. കർശനമായ പരിശോധന നടത്തി മാത്രമേ പെൻഷൻ അനുവദിക്കാവൂ എന്ന് സർക്കാർ നിഷ്കർഷിക്കുന്നുണ്ടെങ്കിലും, ഇതിലെ വീഴ്ച സർവ്വീസ് പെൻഷനർ പോലും, രണ്ടാമതായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന സ്ഥിതിയിലേക്ക് നയിക്കുന്നു. ഇത് ശരിയായ നടപടിയല്ല. ഇത്തരത്തിൽ 2 പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ഉണ്ടോ എന്ന് പരിശോധിച്ച്, അവർക്ക് അനുവദിച്ച പെൻഷൻ തുക തിരികെ ഈടാക്കേണ്ടതും , അവർ മരണപ്പെട്ടുപോയിട്ടുണ്ടെങ്കിൽ ആയത് പെൻഷൻ ശുപാർശ ചെയ്ത ഉദ്യോഗസ്ഥരിൽ നിന്ന് തിരികെ ഈടാക്കേണ്ടതുമാണ്.

1-24 ടേക്ക് എ ബ്രേക്ക് പദ്ധതി പ്രവർത്തി ആരംഭിച്ചില്ല.

പ്രൊജക്ടിന്റെ പേര് : ടേക്ക് എ ബ്രേക്ക്

പ്രൊജക്ട് നമ്പർ So 261/21

വകയിരുത്തിയത് 10,00,000

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പിന്റെ 06.03.20 ലെ സ.ഉ.കൈ നം (45/20) ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ വിവിധ സ്ഥലങ്ങളിൽ പൊതു ടോയ് ലെറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനാണ് മേൽ പ്രകാരം പദ്ധതി വിഭാവനം ചെയ്തത് .

മേൽ പ്രൊജക്ടിന് 10,00,000/- രൂപയാണ് എസ്റ്റിമേറ്റ്.ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞനിരക്ക് (8,87,136/-)ക്വാട്ട് ചെയ്ത ശ്രീ .കെ.പി അലിയുടെ ടെണ്ടർ 03.02.21 ലെ 2/(1)/21 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.തുടർന്ന് 20.02.21 ലെ 58/20-21 നമ്പർ പ്രകാരം എഗ്രിമെന്റ് വെച്ചിട്ടുണ്ട് .കരാറിന്റെ ഭാഗമായി 30,000/- രൂപയുടെ ജാമ്യ നിക്ഷേപം പഞ്ചായത്തിന് നൽകിയിട്ടുണ്ട്. .കരാറുടമ്പടിയിലെ 5 ാം നമ്പർ വ്യവസ്ഥ പ്രകാരം 10 ദിവസത്തിനുള്ളിൽ പ്രവർത്തി നടത്തുന്നതിനായി സ്ഥലം ഏറ്റുവാങ്ങുകയും സ്ഥലം ഏറ്റുവാങ്ങി 7 ദിവസത്തിനുള്ളിൽ പ്രവർത്തി ആരംഭിക്കേണ്ടതുമാണ്.

മടവൂർ അങ്ങാടിയിൽ ബസ്സ്റ്റോപ്പിന് സമീപമുള്ള പി.ഡബ്ല്യൂ.ഡി. യുടെ പുറമ്പോക്ക് സ്ഥലത്ത് (മടവൂർ വില്ലേജ് മടവൂർ ദേശം റീ സർവ്വേ നം. 53 ) ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം നിർമ്മിക്കാനാണ് ഗ്രാമ പഞ്ചായത്ത് തീരുമാനിച്ചത് (തീരുമാനം നമ്പർ 26.08.20 ലെ 1/10 നമ്പർ).എന്നാൽ പ്രവർത്തി ആരംഭിക്കുന്നതിനായി സ്ഥലം അതിർത്തി നിർണ്ണയിച്ച് സർവ്വേ സ്കെച്ച് ലഭിക്കാത്തതിനാൽ എ.ഇ ക്ക് കരാറുകാരന് സൈറ്റ് കൈമാറാൻ സാധിച്ചിട്ടില്ല. തുടർന്ന് സെക്രട്ടറി

05.11.21 ന് ടേക്ക് എ ബ്രേക്കിനു വേണ്ടി കണ്ടെത്തിയ 3 സെന്റ് പുറമ്പോക്ക് സ്ഥലത്തിന്റെ സ്കെച്ച് ലഭ്യമാക്കിയിട്ടുണ്ട്.എന്നാൽ സ്ഥലം Demarcate ചെയ്ത് കൊടുത്തിരുന്നില്ല.

ജില്ലാ കളക്ടറുടെ 18.01.22 ലെ ഡി.സി.കെ.കെ.ഡി./8859/21-എൽ 1 നമ്പർ നടപടിക്രമം പ്രകാരം സർക്കാർ ഉടമസ്ഥതിൽ ഉള്ള സ്ഥലത്ത് (മടവൂർ വില്ലേജ് മടവൂർ ദേശം റീ സർവ്വേ നം 53 )ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം സ്ഥാപിക്കുന്നതിന് ഭൂമിയുടെ ഉടമസ്ഥാവകാശം മാതൃവകുപ്പിൽ നിലനിർത്തിയ ശേഷം മടവൂർ ഗ്രാമപഞ്ചായത്തിന് താൽക്കാലിക ഉപയോഗാനുമതി നൽകിയിട്ടുണ്ട് .മേൽ ഉത്തരവു പ്രകാരം ഭൂമി താൽക്കാലികമായി അനുവദിക്കപ്പെട്ട ത.സ്വ.ഭ സ്ഥാപനം ഭൂമി ലീസിന്/ ഭൂമി വിലക്കു വാങ്ങൽ പദ്ധതി പ്രകാരം ഉത്തരവ് തിയ്യതി മുതൽ 6 മാസത്തിനകം റവന്യൂ വകുപ്പിന്റെ നിലവിലെ ഉത്തരവുകൾ പ്രകാരം ക്രമവൽക്കരിക്കേണ്ടതാണ്. കൂടാതെ പ്രസ്തുത ഭൂമി അളന്ന് സ്കെച്ച് തയ്യാറാക്കി അതത് പഞ്ചായത്തുകൾക്ക് 5 ദിവസത്തിനകം നിർമ്മാണത്തിനായി കൈമാറുന്നതിന് തഹസിൽദാർമാരോട് ക്രമീകരണവും നടത്തേണ്ടാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി അളന്ന് തിരിച്ച് അതിര് നിർണ്ണയിച്ച് സ്കെച്ച് തയ്യാറാക്കി തരുന്നതിന് 14.02.22 ന് തഹസിൽദാർക്ക് കത്ത് നൽകിയിട്ടുണ്ട്. സ്കെച്ച് ലഭ്യമാക്കിയെങ്കിലും തുടർന്ന് 31.03.22 ലെ ടി.എൽ.കെ.കെ.കെ.ഡി /42/21- ബി2 നമ്പർ കത്ത് പ്രകാരം തഹസിൽദാർ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള സ്ഥലമായതിനാൽ അവരിൽ നിന്നും എൻ.ഒ.സി ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. 23.04.22, 10.05.22, 25.05.22, 12.07.22 തിയ്യതികളിലായി എ2/368/22 നമ്പർ കത്ത് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിന്നും എൻ.ഒ.സി ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് വിഭാഗം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തുകൾ നൽകിയിട്ടുണ്ട് . .

അസി.എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് റോഡ്സ് സെക്ഷനിൽ നിന്നും 02.11.22 ന് ലഭ്യമാക്കിയ മറുപടിയിൽ , പൊതുമരാമത്ത് വകുപ്പ് സ്ഥലം വിട്ടു നൽകിയാൽ ഭാവിയിൽ റോഡിന്റെ വീതി കൂട്ടാനോ ഡ്രയിനേജ് പ്രവർത്തി ചെയ്യാനോ സാധിക്കാതെ വരുമെന്നും പ്രസ്തുത സ്ഥലത്ത് ബസ് സ്റ്റോപ്പ് നിലനിൽക്കുന്നതിനാൽ യാത്രക്കാർക്കും ബുദ്ധിമുട്ടുണ്ടാകുമെന്നും സ്ഥലം കുറവായതിനാൽ ടേക്ക് എ ബ്രേക്കിലേക്ക് വരുന്ന ആളുകളുടെ പാർക്കിംഗ് റോഡിൽ ആകാനും സാധ്യത ഉള്ളതിനാൽ പൈമ്പാലിശ്ശേരി ടൗണിനടുത്തുള്ള 28.5 സെന്റ് പഞ്ചായത്ത് തോട് പുറമ്പോക്ക് സ്ഥലം കളക്ടറുടെ അംഗീകാരത്തിനു വിധേയമായി മേൽ പദ്ധതിക്കു വേണ്ടി ഉപയോഗപ്പെടുത്താമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട് .

സ്ഥലത്തിന്റെ ലഭ്യത ഉറപ്പാക്കാതെയാണ് പദ്ധതി രൂപീകരിച്ച ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ടത്. ആയതുകൊണ്ട് തന്നെ നാളിതുവരേയും പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

1-25 കാമ്പ്രത്ത്കുന്ന് കുടിവെള്ള പദ്ധതി - പദ്ധതി അനന്തമായി നീളുന്നു

2018-19 വർഷത്തെ പട്ടികവർഗ്ഗ ഉപ പദ്ധതിയായി (കോർപ്പസ് ഫണ്ട്) ഗ്രാമപഞ്ചായത്തിലെ കാമ്പ്രത്ത് കുന്ന് കോളനിയിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയ 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുകയും, തുക സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ ഡപ്പോസിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ജില്ലാ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസറുടെ എ2-3711/18 തീയതി 05.10.2018 പ്രകാരമാണ് തുക അനുവദിച്ചത്. പ്രവൃത്തി 2019-20 വർഷത്തിൽ ഇ-ടെൻഡർ ചെയ്തതിൽ 1816265 രൂപ ക്വാട്ട് ചെയ്ത നൗഷാദ് കെ.കെ.യ്ക്ക് പ്രവൃത്തി ലഭിയ്ക്കുകയും തുടർന്ന് 21.12.2019 ന് പാർട്ട് ബിൽ ആയി 947071 രൂപയും ആകെ പ്രവൃത്തി മൂല്യം 1702938 കണക്കാക്കി 755867 രൂപയും കരാറുകാരന് ഫൈനൽ ബിൽ ആയി 2021-22 ൽ അനുവദിച്ചു. (എം ബുക്ക് 2/2018-19 ) 203156 രൂപയ്ക്ക് ഇലക്ട്രിഫിക്കേഷനും, മോട്ടോർ സ്ഥാപിക്കുന്നതിന് 10.01.2021 ന് ടെൻഡർ ക്ഷണിച്ചതായി കാണുന്നു. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1) 2018-19 വർഷം ആരംഭിച്ച പദ്ധതി നാളിതുവരെയായി പൂർത്തിയായിട്ടില്ല. 03.09.2019 ന് ടെൻഡർ ചെയ്ത് 05.10.2019 ന് എഗ്രിമെന്റ് വെച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത ഈ പദ്ധതിയുടെ പ്രവൃത്തി അവസാനം അളന്നത് 05.03.2020 നാണ്. (എം ബുക്ക് 2/18-19 പേജ് 57) തുടർന്ന് 10.01.2021 ന് ഇലക്ട്രിഫിക്കേഷന് ടെൻഡർ ചെയ്ത് എങ്കിലും ആ പ്രവൃത്തി പൂർത്തിയായതായി കാണുന്നില്ല. പട്ടികവർഗ്ഗ കോളനിയിൽ പെട്ടെന്ന് പൂർത്തിയാക്കി കുടിവെള്ള വിതരണം നടത്തേണ്ടുന്ന പദ്ധതി , ആരംഭിച്ച് നാല് വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാത്തത് അധികൃതരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്.

2) 25.02.2022 ലെ അജണ്ട 12 തീരുമാനം 1 പ്രകാരം കാമ്പ്രത്ത് കുന്ന് പട്ടികവർഗ്ഗ കോളനിയിൽ കുടിവെള്ള വിതരണത്തിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ അബ്ദുറഹിമാൻ തറേങ്ങലിന് ലിറ്ററിന് 70 പൈസ തോതിൽ വിതരണം ചെയ്യാൻ അനുവദിച്ചു. ഫയൽ നമ്പർ 400983/WSDWOZ/GPO/2022/25 പ്രകാരം ഈ ഇനത്തിൽ 10000 രൂപ ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ നമ്പർ 74/19.05.2022) . ഇതിൽ നിന്നും രൂക്ഷമായ കുടിവെള്ള ക്ഷാമമാണ് കോളനി അഭിമുഖീകരിക്കുന്നത് എന്ന് വ്യക്തമാകുന്നു. എന്നാൽ കുടിവെള്ള പദ്ധതി അനിശ്ചിതമായി നീണ്ട് പോകുന്നു. പദ്ധതി ഉടൻ തന്നെ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 ഹരിത കർമ്മസേന പ്രവർത്തനം

പഞ്ചായത്തിൽ നിലവിൽ 38 അംഗങ്ങളുള്ള ഹരിത കർമ്മസേന പ്രവർത്തിച്ച് വരുന്നുണ്ട്. പഞ്ചായത്ത് ബിൽഡിംഗിന്റെ താഴത്തെ നിലയിൽ എം.സിഎഫ് സജ്ജീകരിച്ചിട്ടുണ്ടെങ്കിലും ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിക്കുന്നതിനുള്ള പൂർണ്ണമായ സജ്ജീകരണങ്ങൾ കേന്ദ്രത്തിൽ ഒരുക്കിയിട്ടില്ല. ഹരിത കർമ്മസേനക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ യൂണിഫോം, കോട്ട്, ഗ്ലൗസ് മുതലായവ മുഴുവൻ അംഗങ്ങൾക്കും ലഭ്യമാക്കിയിട്ടില്ല. 2021-22 വർഷം 34 അംഗങ്ങൾ ഉണ്ടായിരുന്നതിൽ വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിനായി ഒരു വാർഡിൽ രണ്ട് അംഗങ്ങൾ എന്ന രീതിയിൽ 2021 ഏപ്രിൽ മാസത്തിനു ശേഷമാണ് പ്രവർത്തിച്ചു തുടങ്ങിയത്. ഒരു വീട്ടിൽ നിന്നും മാസം 50 രൂപ യൂസർഫീ ആയി കളക്റ്റ് ചെയ്യുന്ന തുകകൾ ഹരിതകർമ്മസേനക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട്. നിലവിൽ പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മുഴുവൻ മാലിന്യങ്ങളും ചാക്ക് ഒന്നിന് 50 രൂപ ഈടാക്കിയാണ് കളക്റ്റ് ചെയ്യുന്നത്. ഹരിത കർമ്മസേനാ ബാങ്ക് അക്കൗണ്ടിൽ നിന്നും 2022-23 വർഷം മാലിന്യം കയറ്റി അയച്ച ഇനത്തിൽ 140000രൂപ കോനാരിസ് അഡ്വാൻസ്ഡ് പോളിമേഴ്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഹരിത കർമ്മസേന വാർഡുകളിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനാവശ്യമായ മിനി എം.സി.എഫുകൾ സജ്ജീകരിച്ചിട്ടില്ലാത്തതിനാലും പഞ്ചായത്ത് എം .സി.എഫ് പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാലും തരം തിരിക്കുന്ന പാഴ് വസ്തുക്കളുടെ വില്പനയിലൂടെ ഹരിത കർമ്മസേനക്ക് ലഭിക്കുമായിരുന്ന വരുമാനം നഷ്ടപ്പെടുന്നുണ്ട്.

ഓഡിറ്റ് വർഷം മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം രണ്ട് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും ചെലവില്ല.

| പ്രോജക്റ്റ് നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|
| 141 | ഹരിത കർമ്മസേനക്ക് വയബിലിറ്റ് ഗ്യാപ്പ് ഫണ്ട് | 30000 (തനത് ഫണ്ട്) |
| 170 | ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ | 470000(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |

ഗ്രാമപഞ്ചായത്തിലെ വിവിധ ഇടങ്ങളിലായി 47 ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുന്നതിനായാണ് പദ്ധതി തയ്യാറാക്കിയതെങ്കിലും നാളിതുവരെയായും ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചിട്ടില്ല.

അജൈവമാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് പൗരന്മാരിൽ മാലിന്യ

സംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക വഴി അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറച്ചു കൊണ്ടു വരിക, ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ ശേഖരിക്കുക, ഹരിത കർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുക, വാർഡുകൾ തോറും മിനി എം.സി.എഫുകൾ സ്ഥാപിച്ചും എം.സി.എഫിൽ അടിസ്ഥാന സൗകര്യമൊരുക്കിയും മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക എന്നിവ നടപ്പിലാക്കേണ്ടത് അജൈവ മാലിന്യങ്ങളുടെ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് അനിവാര്യമാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

1-27 ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ-മുഴുവൻ മരുന്നുകളും ലഭിച്ചില്ല.

പ്രോജക്റ്റ് നം-6/21-22

അടങ്കൽ - 400000

ചെലവ് -400000 (ബിൽ നം- 122/21-11-21)

നിർവ്വഹണം-ആയുർവ്വേദ മെഡിക്കൽ ഓഫീസർ.

ആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങുന്നതിനായി പെർഫോർമാ ഇൻവോയ്സ് നം-143847 തീയ്യതി 29-10-21 പ്രകാരം 400000 രൂപ ഔഷധിക്ക് അഡ്വാൻസായി നൽകിയിട്ടുണ്ട്. നാളിതുവരെയായുള്ള മരുന്ന് വിതരണം പരിശോധിച്ചതിൽ താഴെ പറയും പ്രകാരമുള്ള തുകയുടെ മരുന്നുകൾ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്.

| ഇൻവോയ്സ് നം | ലഭിച്ച മരുന്നുകൾ |
|---|---|
| 90236989/14-12-21 | 39493 |
| 90238256/2712-21 | 45931 |
| 90244655/31-01-22 | 111985 |
| 90248971/28-02-22 | 54569 |
| 90248497/26-02-22 | 13708 |
| 90251325/22-03-22 | 58248 |
| 90255211/7-05-22 | 4479 |
| 90255459/10-05-22 | 26613 |
| 90250107/31-05-22 | 6468 |
| 90260495/13-06-22 | 17539 |
| 90262644/29-06-22 | 15980 |

| | |
|---|---|
| ആകെ | 395013 |

29-06-22 വരെ ആകെ 395013 രൂപയുടെ മരുന്നുകളാണ് ഔഷധി സപ്ലൈ ചെയ്തിട്ടുള്ളത് . അവശേഷിക്കുന്ന 4987 രൂപയ്ക്കുള്ള മരുന്നുകൾ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 4987 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പ് വരുത്തിയിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെ വീഴ്ച ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നല്കി നിശ്ചിത ഫോറത്തിൽ വിവരങ്ങൾ വാങ്ങേണ്ടതാണ്.

2. കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിക്ക് തൊഴിലുടമയോട് ജീവനക്കാരോ, ഉദ്യോഗസ്ഥൻമാരോ കരാറുകാരോ ആയി ജോലി ചെയ്യുന്ന എല്ലാവരുടെയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് അങ്ങനെ ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഹിതം നികുതി റിട്ടേൺ എല്ലാ സ്ഥാപനങ്ങളും സമർപ്പിക്കേണ്ടതാണ്.

3. കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 16 പ്രകാരം തൊഴിലുടമ യോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ, ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.

4. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ,ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ തൊഴിലാളികൾ, തൊഴിലുടമകൾ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. (ക്രമ നമ്പർ ഒന്നുപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നല്കേണ്ട നോട്ടീസിന്റേയോ ഉടമസ്ഥൻ വിവരം ലഭ്യമാക്കേണ്ട ഫോറത്തിന്റേയോ മാതൃക/ഫോറം തൊഴിൽ നികുതി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും നിയമപ്രകാരവും ചട്ടപ്രകാരവുമുള്ള വരുമാനമാർഗ്ഗം ഉപയോഗപ്പെടുത്താൻ സ്ഥാപനം ഫോറങ്ങൾ നിശ്ചയിച്ച് ഉപയോഗപ്പെടുത്തുകയോ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുകയോ ചെയ്യേണ്ടതായിരുന്നു.) ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനില്ക്കുന്നു.

1.) എല്ലാ സ്ഥാപന ഉടമകളും ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല .

ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 55 സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നല്കിയിട്ടിട്ടുണ്ടെങ്കിലും 54 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേൺ മാത്രമാണ് സ്ഥാപന മേധാവികൾ സമർപ്പിക്കുകയും തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയും ചെയ്തിട്ടുണ്ടുള്ളത് കൃത്യമായ പരിശോധന നടത്താത്തതിനാൽ എരവന്നൂർ എ.യു. പി. സ്കൂളിന്റെ തൊഴിൽനികുതി 01/06/2022 ലാണ് പഞ്ചായത്തിൽ അടവാക്കിയത്.

2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ള 190 എഫ്.ടി.ഇ & ഓ.എസ് ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ 188 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപന ഉടമകൾ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വരുമാനം സബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്ന റിട്ടേൺ സമർപ്പിക്കാൻ ഗ്രാമപഞ്ചായത്ത് ഫോറം ഒന്നിൽ നോട്ടീസ് നല്കുകയോ സ്ഥാപന ഉടമകൾ ജീവനക്കാരുടെ റിട്ടേൺ പഞ്ചായത്തിൽ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഇതുകൊണ്ട് തന്നെ ഈ ജീവനക്കാർ നികുതി പരിധിയിൽ നിന്നും ഒഴിവായിപ്പോയിട്ടുണ്ട്.

അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്യുന്നതിനാൽ ലൈസൻസ് പുതുക്കാത്ത കെട്ടിടങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വാണിജ്യ / വ്യവസായ കെട്ടിടങ്ങളുടെ ലിസ്റ്റ് എടുത്ത് കൃത്യമായ ഇടവേളകളിൽ ഫീൽഡ് പരിശോധന നടത്തി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന മുഴുവൻ കെട്ടിടങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും, ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

2.) കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി വരുമാനം ആർജിക്കുന്ന എല്ലാ കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ട് വന്നിട്ടില്ല .

വാടക വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളുടെ വരുമാനം കണക്കാക്കി തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുകയോ, തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളെയും, തൊഴിലാളികളെയും, വരുമാനദായകരെയും കണ്ടെത്താനുള്ള നടപടികൾ പഞ്ചായത്തിൽ പാലിക്കാത്തതുകൊണ്ട് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും തൊഴിൽ നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നു.

3.) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | അഷ്റഫ് എം. |
| 2 | ടി. മുഹമ്മദ് |
| 3 | റിഞ്ഞു എം. വി. |
| 4 | സാദിഖ് അലി. പി. |
| 5 | പ്രബീഷ് സി.കെ. |
| 6 | കെ. പി. അലി. |

| | |
|---|---|
| 7 | അബ്ദുൾ ഹക്കീം. വി. പി. |
| 8 | അബ്ദുൾ റഷീദ് പി. |
| 9 | ടി. മുഹമ്മദ് |
| 10 | ഉദയകുമാർ എൻ. |
| 11 | പ്രമോദ്. കെ. എം. |
| 12 | റഹീസ് പി.കെ. |
| 13 | ധനേഷ് കുമാർ കെ. |
| 14 | പി.സി. പാലം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 15 | അഷ്റഫ്. വി. |
| 16 | ഷാക്കിർ. എം. |
| 17 | അബൂബക്കർ കെ.കെ. |
| 18 | ഷാജു |
| 19 | സക്കീർ |
| 20 | കെ.പി. അലി. |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. കരാറുകാരൻ ഈ കാലയളവിൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽനികുതി അടവാക്കിയിട്ടില്ലെങ്കിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച അന്വേഷണക്കുറിപ്പിന് (നം. 09/2021-22 തിയതി. 12/12/22) മറുപടി നൽകിയിട്ടില്ല. ഇവരിൽ നിന്നും തൊഴിൽനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-29 എഫ് ടി ഇ എ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ

1. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കു ന്ന സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരി ച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനൊ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണ മല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്ത താകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1) പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്

2021-22 വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ ( 31.03.2022 ) എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ ഡിമാന്റുകളിൽ വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം | 1945 |
| വേക്കൻസി റമിഷൻ അനുവദിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം | 25 |
| 2021-22 ൽ ആകെ അനുവക്കപ്പെട്ട 190 എഫ് ടി ഇ എ & ഒ എസ് ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം | 295 |
| ബാക്കി കെട്ടിടങ്ങളുടെ എണ്ണം | 1625 |

2021-22 സാമ്പത്തിക വർഷം 190 സ്ഥാപനങ്ങൾക്ക് എഫ് ടി ഇ എ & ഒ എസ് ലൈസൻസ് അനുവദിക്കുന്നതിനായി 295 കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്, ലൈസൻസ് നല്കുമ്പോൾ തൊഴിൽ നികുതി, മോട്ടോർ ഫീസ് എന്നിവ ഈടാക്കിയിട്ടുണ്ട്. 2021-22 ൽ 25 കെട്ടിടങ്ങൾക്ക് വേക്കൻസി റമിഷൻ അനുവദിച്ചിട്ടുണ്ട്

നാളിതുവരെ പഞ്ചായത്തിൽ വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 1945 കെട്ടിടങ്ങളിൽ ബാക്കിയുള്ള 1625 കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല. വാണിജ്യ / വ്യവസായ കെട്ടിടങ്ങളുടെ ലിസ്റ്റ് എടുത്ത് കൃത്യമായ ഇടവേളകളിൽ ഫീൽഡ് പരിശോധന നടത്തി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന മുഴുവൻ കെട്ടിടങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ലൈസൻസ് ഫീസ് അടവാക്കാൻ ബാധ്യസ്ഥമായ മുഴുവൻ സ്ഥാപങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2. എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ഒരു ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ഒരു ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 11/2021-22 തിയതി 12.12.22) മറുപടി നൽകിയിട്ടില്ല. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ലൈസൻസ് ഫീസ് അടവാക്കാൻ ബാധ്യസ്ഥമായ മുഴുവൻ സ്ഥാപങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ മേൽനോട്ടം വഹിക്കേണ്ടതാണ്.

1-30 വാടക കൃത്യമായി പിരിച്ചെടുക്കുന്നതിലും ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിലും വീഴ്ച.

ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് (നം. 07/01 ) മുകളിൽ ബി.എസ്.എൻ.എൽ. ടെലഫോൺ ടവർ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനായി പ്രതിമാസം 4500 രൂപ നിരക്കിൽ വാടക നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ധാരണാപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വാടക ഇനത്തിൽ 2021 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള വാടക മാത്രമാണ് ബി.എസ്.എൻ.എൽ അടവാക്കിയിട്ടുള്ളത്. 2021 നവംബർ മുതൽ മാർച്ച് വരെയുള്ള വാടകയായി ആകെ 22500 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

വാടക കരാർ ചമയ്ക്കുന്നതിന് ബൈലോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ബൈലോ തയ്യാറാക്കാതെയാണ് കെട്ടിടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളതും വർഷാവർഷം വാടക വർദ്ധനവ് വരുത്തുന്നതും. ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങുകയോ ആയതിന്റെ അടിസ്ഥാനത്തിൽ വാടകക്കാരുമായി കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 12/2021-22 (തിയതി. 12.12.2022) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങിക്കേണ്ടതാണ്, മേൽ ധാരണാപത്രം, 2021 നവംബർ മുതൽ മാർച്ച് വരെയുള്ള വാടക പിരിച്ചെടുത്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-31 സാമ്പത്തിക നില മെച്ചപ്പെടുത്തേണ്ടത് അനിവാര്യം

2020-21 & 2021-22 വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | 2020-21 | 2021-22 | വർദ്ധനവ് |
|---|---|---|---|
| നികുതി വരുമാനം | 4398721 | 4816955 | 418234 |
| നികുതിയേതര വരുമാനം | 753809 | 1611636 | 857827 |

2020-21, 2021-22 വർഷങ്ങളിലെ ലിക്വിഡിറ്റി കൂടിയ ആസ്തി, ബാധ്യതാ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| 2020-21 | | | |
|---|---|---|---|
| ബാധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |

| | | | |
|---|---|---|---|
| B4-പ്രത്യേക കാര്യങ്ങൾക്ക് | 7051084 | B12 | |
| B5 | 645333 | B14 | 100000 |
| B7 | 393393 | B15 | 423690 |
| B9 | 1545213 | B17 | 13213228 |
| | | B18 | 1873933 |
| ആകെ | 96,35,023 | | 1,56,10,851 |

2020-21 സാമ്പത്തിക വർഷം ഉയർന്ന ലികിഡിറ്റിയുള്ള ആസ്തി ഉയർന്ന ലികിഡിറ്റിയുള്ള ബാദ്ധ്യതയേക്കാൾ 5975828 രൂപ കൂടുതലാണ്.

നിലവിലെ ലികിഡിറ്റി കൂടിയ ആസ്തി,ബാധ്യതാ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| 2021-22 | | | |
|---|---|---|---|
| ബാദ്ധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |
| B4-പ്രത്യേക കാര്യങ്ങൾക്ക് | 9265840 | B12 | 0 |
| B5 | 88000 | B14 | 89675 |
| B7 | 311612 | B15 | 186049 |
| B9 | 1855225 | B17 | 19850080 |
| | | B18 | 5684015 |
| ആകെ | 1,15,20,677 | ആകെ | 2,58,09,819 |

തൻവർഷം ബാദ്ധ്യത ഇല്ലെങ്കിലും തനത് ഫണ്ടിന്റെ മിച്ചം നാമമാത്രം ആണെന്ന് 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് സാക്ഷ്യപ്പെടുത്തുന്നു. ആയതു പ്രകാരം 1,42,89,142 രൂപ മിച്ചമുണ്ട് .

അതിനാൽ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിന് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ആയതിനാൽ സമയാസമയങ്ങളിൽ വാർഡു തലത്തിൽ പരിശോധന നടത്തി കെട്ടിട നിർമ്മാണ ക്രമവൽകരണം , കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിൽ വരുത്തിയ മാറ്റങ്ങൾ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ , തൊഴിൽ നികുതി യഥാസമയം അടവാക്കാത്ത സ്ഥാപനങ്ങൾ എന്നിവയുടെ വിശദാംശം ശേഖരിച്ച് നികുതി/ ഫീസ് പിരിവ് ഊർജ്ജിതമാക്കുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ മേൽ നോട്ടം നടത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും, സെക്രട്ടറിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 സമയപരിധി കഴിഞ്ഞും ഇലക്ഷൻ ഡെപ്പോസിറ്റ് തിരികെ നൽകുന്നു

2020 ഡിസംബർ മാസം നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ ഭാഗമായി 36 സ്ഥാനാർത്ഥികൾക്ക് അവർ സമർപ്പിച്ച നിക്ഷേപം തിരികെ നൽകിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 144(2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചതിന് ശേഷം മൂന്ന് മാസത്തിനകം നിക്ഷേപം തിരിച്ച് നൽകേണ്ടതാണ്. 2020 ഡിസംബർ മാസം തെരഞ്ഞെടുപ്പ് ഫലം വന്ന സാഹചര്യത്തിൽ നിക്ഷേപം 2021 മാർച്ച് മാസത്തിനകം സ്ഥാനാർത്ഥികൾക്ക് തിരിച്ച് നൽകേണ്ടതായിരുന്നു. എന്നാൽ മേൽ കാണിച്ച 36 പേർക്കും മാർച്ച് മാസത്തിനുശേഷമാണ് ഇലക്ഷൻ ഡെപ്പോസിറ്റ് തിരികെ നൽകിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| തിയ്യതി | വൗച്ചർ നമ്പർ | അനുവദിച്ച തുക |
|---|---|---|
| 09.09.21 | 22100448 | 34000 |
| ആകെ 34000 | | |

അതിനാൽ മേൽ പ്രകാരം സമയപരിധി കഴിഞ്ഞ് തിരികെ നൽകിയ ഇലക്ഷൻ ഡെപ്പോസിറ്റ് തുക 34000 രൂപ പഞ്ചായത്തിൽ തിരികെ അടവാക്കേണ്ടതാണ്.

3-2 ശാരീരിക – മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് -ഗുണഭോക്താക്കൾക്ക് അർഹമായതിലും അധികം തുക നൽകി.

പ്രോജക്ട് നം-21/21-22

അടങ്കൽ -2029258 (979258-വികസനഫണ്ട് ,525000-ബ്ലോക്ക്പഞ്ചായത്ത് വിഹിതം , 52500-ജില്ലാപഞ്ചായത്ത് വിഹിതം).

ചെലവ് -1722633 (979258- വികസനഫണ്ട് ,330675-ബ്ലോക്ക്പഞ്ചായത്ത് വിഹിതം , 412700-ജില്ലാപഞ്ചായത്ത് വിഹിതം).

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം നൽകുന്നതിനായി ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതിക്കായി ഓഡിറ്റ് വർഷം ആകെ 1722633 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന സ്റ്റാൻഡേർഡ്/ക്ലാസ്സ് അനുസരിച്ച് താഴെ പറയും പ്രകാരം പ്രതിമാസ സ്കോളർഷിപ്പ്/ബത്തയും വാർഷിക ബത്തയും അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

| | വിദ്യാർത്ഥിയുടെ പേര് | ക്ലാസ്സ് | നൽകിയ തുക | അർഹമായ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | മുഹമ്മദ് റാനിഷ് | 6 | 8100 | 6600 | 1500 |
| 2 | മുഹമ്മദ് അഷ്റഫ് | 9 | 9800 | 8000 | 1800 |
| 3 | ഷാദിൽ ഷാനവാസ് | LKG | 6500 | 5300 | 1200 |
| 4 | മുർഷിദ പർവീൺ | 8 | 8100 | 6600 | 1500 |
| 5 | രേവതി.പി.കെ | 1 | 6500 | 5300 | 1200 |

| | | | | | |
|---|---|---|---|---|---|
| 6 | സ്നേഹ.എം | 7 | 8100 | 6600 | 1500 |
| 7 | സൂര്യകിരൺ .പി.കെ | 10 | 9800 | 8000 | 1800 |
| 8 | ആമിനഹെസ്സ.കെ.ടി | LKG | 6500 | 5300 | 1200 |
| 9 | വിഷ്ണു.എം | 4 | 6500 | 5300 | 1200 |
| 10 | അക്ഷയ.എം | B.Com | 15400 | 13000 | 2400 |
| 11 | അമൽ ഗഫൂർ | 10 | 9800 | 8000 | 1800 |
| 12 | ആയിഷലിയ .ടി | 2 | 6500 | 5300 | 1200 |
| 13 | അഫ്റ റനീം | 8 | 8100 | 6600 | 1500 |
| 14 | മുഹമ്മദ് റിഷാൻ | 7 | 8100 | 6600 | 1500 |
| 15 | അനുനന്ദ.എ | 1 | 6500 | 5300 | 1200 |
| 16 | അഭിരാമി | 10 | 9800 | 8000 | 1800 |
| | | | | ആകെ | 24300 |

മേൽ പ്രകാരം ആകെ 16 വിദ്യാർത്ഥികൾക്ക് അനുവദനീയമായതിനേക്കാൾ 24300 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതും കൂടുതലായി നൽകിയ തുക മേൽ ഗുണഭോക്താക്കൾക്കുള്ള തുടർവർഷ ധനസഹായത്തിൽ നിന്നും അഡ്ജസ്റ്റ് ചെയ്തോ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്ന് തിരികെ ഈടാക്കിയോ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-3 കുടിവെള്ള വിതരണം പദ്ധതി വെള്ളത്തിന് പഞ്ചായത്ത് വില നൽകി

പ്രോജക്ട്-70/21-22

അടങ്കൽ -300000

ചെലവ് - 142549

ഓഡിറ്റ് വർഷം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വേനൽക്കാലത്ത് ടാങ്കറിൽ കുടിവെള്ള വിതരണം ചെയ്യൽ പദ്ധതിക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ ശ്രീ .മനോജ് കുമാർ വി.കെ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചു. 2021 ഏപ്രിൽ മാസം 28-ാം തിയ്യതി നടത്തിയ നെഗോസിയേഷന് ശേഷം 4000 ലിറ്റർ വെള്ളം 1 കിലോ മീറ്റർ ദൂരത്തിൽ വിതരണം ചെയ്യുന്നതിന് 74 രൂപ നിരക്ക് അംഗീകരിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ശ്രീ.മനോജ്കുമാർ വി.കെയുമായി സെക്രട്ടറി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.ആയത് പ്രകാരം കരാറുകാരൻ വെള്ളം വിതരണം ചെയ്തത് വാഹനത്തിന്റെ ജി.പിഎസ് ലോഗ്, ലോഗ്ബുക്ക് എന്നിവ യുമായി ഒത്തുനോക്കി ആകെ 1712.28 കിലോമീറ്റർ കണക്കാക്കി ലിറ്ററിന് 74രൂപ നിരക്കിൽ 126709രൂപ (ബിൽ നം-345/25-03-22) പ്രകാരം കരാറുകാരന് നൽകിയിട്ടുണ്ട്. ഇതിനു പുറമെ കേരളാ വാട്ടർ അതോ റിറ്റിയുടെ 29-06-21 ലെ ഇ.ഇ/പി.എച്ച്.ഡി /കെ.കെ.ഡി / ഡി6-Tankerlorry/2021 നമ്പർ കത്ത് പ്രാകാരം 264 കിലോലിറ്റർ കുടിവെള്ളത്തിന്റെ

വിലയായി 15840 രൂപ (ബിൽ നം-346/25-03-33) കേരളാ വാട്ടർ അതോറിറ്റിക്ക് നൽകിയതായും കാണുന്നു. കരാറുകാരൻ കിലോമീറ്ററിന് 74രൂപ എന്നനിരക്ക് ക്വാട്ട് ചെയ്തത് വെള്ളം ഉൾപ്പെടെ ഉള്ള നിരക്കാണെന്നിരിക്കെ വെള്ളത്തിന്റെ വിലയായി കേരളാ വാട്ടർ അതോറിറ്റിക്ക് നൽകിയ 15840 രൂപ കുറവ് വരുത്താതെയാണ് കിലോമീറ്ററിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക നൽകിയിരിക്കുന്നത്. ആയത് കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | നെൽകൃഷി കൂലിച്ചെലവ് | 100000 | 0 |
| | | 200000 | ലൈഫ് പദ്ധതി പട്ടിക വർഗ്ഗം | 200000 | 0 |
| | | 100000 | അങ്കണവാടി പോഷകാഹാര വിതരണം | 100000 | 0 |
| | | 330675 | ശാരീരിക മാവനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. | 330675 | 0 |
| | | 100000 | മിൽക്ക് ഇൻസന്റീവ് | 100000 | 0 |
| | | 100000 | മിൽക്ക് ഇൻസന്റീവ് വനിത | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ആകെ | 930675 | |
| ജില്ല പഞ്ചായത്ത് | 2021-22 | 120000 | നെൽകൃഷി കൂലിച്ചെലവ് | 120000 | 0 |
| | | 412700 | ശാരീരിക മാവനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 412700 | 0 |
| | | 165000 | ജില്ലാ വിഹിതം ഭിന്നശേഷി സ്കോളർഷിപ്പ് കുടിശ്ശിക നൽകൽ | 165000 | 0 |
| | | 100000 | മിൽക്ക് ഇൻസന്റീവ് | 100000 | 0 |
| | | 50014 | മിൽക്ക് ഇൻസന്റീവ് വനിത | 50014 | 0 |
| | | | ആകെ | 847714 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | തച്ചംകുന്ന് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 370000 | 0 | 370000 |
| കേരള വാട്ടർ അതോറിറ്റി | തച്ചൂർമീത്തൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 101000 | 00 | 101000 |

| | | | | |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കൊട്ടക്കാവയൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 270000 | 0 | 270000 |
| കേരള വാട്ടർ അതോറിറ്റി | മട്ടാഞ്ചേരി പറയരു കോട്ട പൈപ്പ് ലൈൻ നീട്ടൽ | 100000 | 0 | 100000 |
| കേരള വാട്ടർ അതോറിറ്റി | തച്ചം കുന്ന് ഇടവഴി പൈപ്പ് ലൈൻ നീട്ടൽ | 25000 | 0 | 25000 |
| കേരള വാട്ടർ അതോറിറ്റി | പൂളോട്ടുമ്മല് ഇടവഴി പൈപ്പ് ലൈൻ നീട്ടൽ | 43500 | 0 | 43500 |
| കേരള വാട്ടർ അതോറിറ്റി | തച്ചൂര് താഴം പൈപ്പ് ലൈൻ നീട്ടൽ | 50000 | 0 | 50000 |
| കേരള വാട്ടർ അതോറിറ്റി | ഇടനിലാവിൽ പൈപ്പ് ലൈൻ നീട്ടൽ | 150000 | 0 | 150000 |
| കേരള വാട്ടർ അതോറിറ്റി | കളപ്പിലാവില് മുക്ക് തോട്ടോളിപ്പറമ്പത്ത് പൈപ്പ് ലൈൻ നീട്ടൽ | 200000 | 0 | 200000 |
| കേരള വാട്ടർ അതോറിറ്റി | പരപ്പാറ ചെരച്ചോറമീത്തൽ പൈപ്പ് ലൈൻ നീട്ടൽ | 200000 | 0 | 200000 |
| കേരള വാട്ടർ അതോറിറ്റി | വേങ്ങോളിപ്പുറം താഴം പൈപ്പ് ലൈൻ നീട്ടൽ | 200000 | 0 | 200000 |
| കേരള വാട്ടർ അതോറിറ്റി | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 200000 | 0 | 200000 |
| കേരള വാട്ടർ അതോറിറ്റി | മൊടയാനി അങ്കണവാടിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 400000 | 0 | 400000 |
| കേരള വാട്ടർ അതോറിറ്റി | വള്ളോപ്രച്ചാലിൽ അങ്കണവാടിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 500000 | 0 | 500000 |
| കേരള വാട്ടർ അതോറിറ്റി | തച്ചൂര് മീത്തൽ പൈപ്പ് ലൈൻ നീട്ടൽ | 175000 | 0 | 175000 |
| കേരള വാട്ടർ അതോറിറ്റി | കളപ്പിലാവില് മുക്ക് പൈപ്പ് ലൈൻ നീട്ടൽ | 190000 | 0 | 190000 |
| കേരള വാട്ടർ അതോറിറ്റി | പുറായില് മുക്ക് മേലെമഠം പൈപ്പ് ലൈൻ നീട്ടൽ | 300000 | 0 | 300000 |
| കേരള വാട്ടർ അതോറിറ്റി | പുറായില് മുക്ക് മേലെമഠം പൈപ്പ് ലൈൻ നീട്ടൽ | 353300 | 0 | 353300 |
| പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ | പഞ്ചായത്ത് ഓഫീസ് കെട്ടിട വൈദ്യുതീകരണ പൂർത്തീകരണം | 107000 | | 107000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയ്യതി | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| കെ.യു. ആർ.ഡി. എഫ്.സി | | 2021-22 | 0 | 645333 | 557333 | 0 | 88000 |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 960 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2007-08 | 2-6 | 900 | 1)ഇ.കെ. സലീം, 2)വിശ്വനാഥൻ | 121030105916 തീയതി 05.03.22, 121030105917 തീയതി 05.03.22, |

| | | | | |
|---|---|---|---|---|
| | | | നായർ 3)ഹരിദാസൻ | 121030105918 തീയതി 05.03.22. |
| 2007-08 | 2-8 | 60 | സി. അസിസ് | 121030105915 തീയതി 05.03.22 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | 26 | 2003-04 | 11(12) | വേതനവും പെൻഷനുകളും അനുവദിച്ചതിലെ അപാകതകൾ |
| 2000-01 | 27 | 2003-04 | പൊതു പരാമർശം 11.13.3.2 | നേതൃച്ചാലിൽ ജലസേചന പദ്ധതി (വ്യക്തികൾ വിട്ടുകൊടുക്കാത്ത ഭൂമിയിൽ നടപടികൾ പൂർത്തിയാക്കാതെ നിർമ്മാണം) |
| 2002-03 | | 2004-05 | പൊതു പരാമർശം 11.1.3.44 | നികുതി പിരിവിലെ അപാകതകൾ |
| 2003-04 | 3-11 | 2005-06 | പൊതു പരാമർശം 2.701.1.4.5 | ഭവനനിർമ്മാണം-ധനസഹായം കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കിയില്ല |

| | | | | |
|---|---|---|---|---|
| 2007-08 | 3-1 | 2010-11 | 5.8.3.2 | തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ആസ്തികളുടെ പരിപാലനം |
| - | - | 2011-12 | 3.1.12 | മേപ്പളത്താഴം ജലസേചനപദ്ധതി |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ |
| 2015-16 | 2-1,2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുക

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81637207 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75000335 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 74140 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 41452 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 34000 | ശ്രീമതി.ആബിദ.ടി, സെക്രട്ടറി |
| 3-2 | - | 24300 | ശ്രീമതി.വിജില , ഐ.സി.ഡി.എസ് |

| | | | |
|---|---|---|---|
| | | | സൂപ്പർവൈസർ |
| 3-3 | - | 15840 | ശ്രീമതി.ആബിദ.ടി,<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 36465 | ഡോ. ഡോ. സുജ<br>മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| 1-27 | 4987 | ഡോ.ബിന്ദു.കെ.കെ<br>മെഡിക്കൽ ഓഫീസർ,ആയുർവേദം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.വിജില.<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, മടവൂർ ഗ്രാമപഞ്ചായത്ത് | വലിയപറമ്പിൽ, എടക്കുളം പി.ഒ. കൊയിലാണ്ടി 673306 |
| ശ്രീമതി.ആബിദ.ടി,<br>സെക്രട്ടറി | സെക്രട്ടറി, കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് | കോലോത്ത്കണ്ടിയിൽ, സി. എം. മഖാം, മില്ല് മുക്ക് മുട്ടാഞ്ചേരി 673585 |

4-11 തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | നം.എൽ.എഫ്.കെ.കെ.ഡി പി1/705/2013-19/06/2013 | 2 | 34, 37 |

| | | | |
|---|---|---|---|
| 2000-01 | നം.എൽ. എഫ്.കെ. കെ.ഡി. പി1/705/13/ 19.6.13 | 1 | 27 |
| 2001-02 | നം.എൽ. എഫ്.കെ. കെ.ഡി. പി1/20(47)/09/ 18.01.11 | 3 | 18, 19, 20 |
| 2003-04 | നം.എൽ.എഫ്.കെ.കെ.ഡി. പി1/705/13(1)/ 19.6.13 | 4 | 3-1, 3-3, 3-4(2), 3-11 |
| 2007-08 | നം.എൽ.എഫ്.കെ.കെ.ഡി. പി1/ 1982/12(7)/ 5.9.12 | 20 | 2-6, 2-8, 2-13, 3-1,3-2, 3-3, 3-4, 3-6,3-7(1), (2), 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15,3-16, 4-2 |
| 2008-09 | നം.എൽ.എഫ്. കെ.കെ.ഡി. പി1 /1982/12(8)/ 27.8.12 | 18 | 2-4, 2-5, 3-3, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-14, 3-15, 3-16, 3-17, 3-18, 3-19,3-20, 4-2 |
| 2009-10 | നം.എൽ.എഫ്. കെ.കെ.ഡി. പി1 /1982/12(9)/ 27.8.12 | 9 | 2-2, 2-4(1), (2), (3), (4), 3-1, 3-6, 4-3, 4-7 |
| 2010-11 | നം.എൽ. എഫ്.കെ. കെ.ഡി. പി1 /84/12/29.1.13 | 31 | 1-1, 1-2, 2-1, 2-2, 2-3, 2-4, 2-6,2-7(എ,ബി) 2-8, 2-9,2-10, 3-1(1,2,3) 3-2,3-3, 3-4, 3-5, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14,3-15, 3-16,4-2,4-3, 4-6, 4-7 |
| 2011-12,12-13 | നം.എൽ.എഫ്.കെ.കെ.ഡി. പി1 /279/15/ 11.03.15 | 13 | 3-1, 3-3, 3-5, 3-6, 3-7,3-9, 3-11, 3-12, 3-13, 3-14, 3-15(1) (2) (4) |
| 2013-14,2014-15 | നം.കെ.എസ്.എ.കെ.കെ.ഡി. പി.1/2227/2016 തീ.27.04.17 നം.എൽ. എഫ്.കെ. കെ.ഡി.പി1/332/19 02.05.19 | 32 | 2-1, 2-2, 3-1, 3-2, 3-3 3-4, 3-5, 3-6, 3-7 ,3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16 3-17, 3-18, 3-19, 3-20 (1,2,3,4), 3-21(1), 3-22, 3-24, 3-25, 3-27,3-28 |
| 2015-16 | കെ.എസ്. എ. കെ. കെ.ഡി/ പി.1 /547/2017തീ. 04.05.2017 | 27 | 1-3(1,2,3,4),2-1,2-2, 2-3(1), 2-3(2),2-4,3-1(1),3-1(2), 3-2,3-3,3-4, 3-5, 3-6,3-7, 3-8(1),3-8(2),3-9,3-10, 3-11,3-12,3-13,3-14,3-15, 3-16, |
| 2016-17 | കെ.എസ്. എ. കെ. കെ.ഡി/ പി.1 /2472/2017 തീ. 03.01.18 | 16 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9, 3-11, 3-12, 3-17, 3-18, |
| 2017-18 | കെ.എസ്. എ. കെ. കെ.ഡി/ പി.1 /25/2019തീ. 25.05.19 | 18 | 1.12,2-1(1,2), 2-2, 2-32-4, 3-1, 3-2,3-3, 3-4, 3-5, 3-6, 3-7, 3-8,3-9, 3-10,3-11, 3-12, 3-13,4-9 |

| | | | |
|---|---|---|---|
| 2018-19 | കെ.എസ്.എ.കെ.കെ.ഡി. പി2/929/20 തീ. 27.01.2021 | 19 | 1-13, 1-14, 1-15, 1-16, 1-18, 1-19, 1-20,1-21, 1-22, 1-24, 1-28, 1-33, 1-34,1-37, 1-39, 3-1, 3-2, 4-10, 4-11 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി2/470 /2021തീ. 16.10.2021 | 34 | 1-1, 1-1-1, 1-1-2, 1-2, 1-2-1, 1-2-2,1-2-4,1-4,1-7, 1-9,1-10,1-11, 1-11-1, 1-11-2, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19,1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-26-1, 1-27, 1-27-1, 1-27-2, 1-29,1-30, 1-31, 1-32, 1-33, 1-34,3-1, 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി2/1234 /2021തീ. 23.09.2021 | 35 | 1-1,1-2,1-3,1-4,1-5,1-6,1-7, 1-8,1-9,1-10,1-11,1-12,1-13, 1-14, 1-15, 1-16, 1-17,1-18, 1-19,1-20, 1-21, 1-22, 1-23,1-24,1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34,1-35 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്